# സ്മൃതി



## <u>എഡിറ്റോറിയൽ ടീം</u>

ധനഞ്ജയ്.കെ
അഫ് ലഹ് നവാർ
അഷിക.കെ
ആർദ്ര ശശികുമാർ
റിതു നന്ദ്.ടി
സൂര്യനാരായണൻ
അഭിനവ്

സഹായം : -
അഭിലാഷ്. കെ (ലിറ്റിൽ കൈറ്റ് മാസ്റ്റർ)
സിന്ധു . കെ (ലിറ്റിൽ കൈറ്റ് മിസ്ട്രസ്)





സുരേഷ് ബാബു. പി
(പ്രിൻസിപ്പൽ)

റീത്ത.പി
(ഹെഡ്മിസ്ട്രസ്സ്)

ഏ.വി. ഹൈസ്കൂൾ ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെയും മുതിർന്നവരുടെയും രചനകൾ ഉൾക്കൊള്ളിച്ച് " സ്മൃതി" എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നത് ആഹ്ലാദകരമാണ്.

ആശംസകൾ

29 -02 -2024



എ.വി.ഹയർ സെക്കന്ററിസ്കൂളിലെ കുട്ടികൾ സ്മൃതി എന്ന പേരിൽ ഇറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

29 -02 -2024

ഷിംന
പി.ടി.എ. പ്രസിഡന്റ്



കൈറ്റിന്റെ സഹായത്താൽ ആറ് വർഷം മുമ്പ് ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് വിവര-സാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികൾക്ക് കഴിവും താൽപര്യവും വളർത്താനുള്ളതാണ്.  സ്മൃതി എന്ന ഈ ഡിജിറ്റൽ മാഗസിൻ അതിനുള്ള തെളിവാണ്. ആത്മാർഥമായി അഭിനന്ദികുന്നു.

വിനോദ്.ഇ
SITC

# ആമുഖം

എ.വി.എച്ച്.എസ്.എസ് പൊന്നാനി ഹൈസ്കൂളിലെ

കുഞ്ഞുകുരുന്നുകളുടെ

സർഗാത്മകനിറഞ്ഞ സൃഷ്ടികളിൽ നിങ്ങളിലേക്കെത്തിക്കുക

എന്നതാണ്

ഈ ഡിജിറ്റൽ മാഗസിൻ ലക്ഷ്യമാക്കുന്നത് വിവിധ വിഷയങ്ങളിലുള്ള

വ്യത്യസ്ഥ രചനകൾ ഉൾക്കൊള്ളുന്നതാണിത്.കഴിവുറ്റ പ്രതിപകളെ

തിരിച്ചറിയാൻ ഇത്തരം മാഗസിനുകൾ ഏറെ പ്രയോജനപ്രദമാണ്.

അത്തരം ഒളിഞ്ഞിരിക്കുന്ന പ്രതിഭകളെ മുന്നോട്ട് കൊണ്ടുവരാൻ


ഈ ദൗത്യത്തിലൂടെ സാധിക്കട്ടെ എന്ന് ആത്മാർഥമായി

ആഗ്രഹിക്കുന്നു.


ഏവർക്കും ഇത് നന്നായി ആസ്വദിക്കാൻ കഴിയും എന്ന

പ്രതീക്ഷയോടെ

നിങ്ങൾക്കുമുന്നിൽ സമർപ്പിക്കുന്നു .



വര : ജോഷി. കെ. മാധവ്



- വര : ജിപ്സൺ ജേക്കബ്

# കൊഴിയുന്ന പൂക്കൾ ;
# വിടരുന്ന മൊട്ടുകൾ.....

വീട്ടിൽ നട്ട കൊന്ന ഇത്തവണ ആദ്യമായി പൂവണിഞ്ഞു. പക്ഷേ, വിഷുവിന് മുന്നേ ഒറ്റക്കുല പോലും അവശേഷിപ്പിക്കാതെ എല്ലാം കൊഴിഞ്ഞു. വീടിനോട് തൊട്ടുള്ള അമ്പലമുറ്റത്തെ കൊന്നയും അടിമുടി പൂത്തിരുന്നു. അതും കൊഴിഞ്ഞു. എങ്ങും നിശ്ശബ്ദത ആയിരുന്നു. പ്രകൃതി തന്നെ ഒരു വിപത്തിനെ ഓർമപ്പെടുത്തുന്നതുപോലെ തോന്നി.

" ബന്ധുരകാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ "

എന്ന വള്ളത്തോളിന്റെ വരികൾ എത്ര

ശരിയാണ്. പുറത്തിറങ്ങാൻ അനുമതി
യില്ലാതെ പല മാസങ്ങൾ പിന്നിട്ടു. നിറ-
മില്ലാതെ വിഷുവും ഓണവും കടന്നുപോയി.
എന്നാലും കൊറോണ എന്ന മഹാമാരിയെ
കേരളം തളയ്ക്കും എന്ന ആത്മവിശ്വാസം
കരുത്ത് പകരുന്നുണ്ടായിരുന്നു. നമ്മുടെ
സർക്കാരിന്റെ നേതൃത്വത്തിൽ ആരോഗ്യ-
വകുപ്പ്, പോലീസ് സേന, സന്നദ്ധപ്രവർത്തകർ..
എല്ലാവരുടെയും പ്രവർത്തനങ്ങൾ
അവിസ്മരണീയം തന്നെ.

എന്നെ സംബന്ധിച്ച് ലോക്ക്ഡൌൺ ഇത്തിരി
ആശ്വാസപ്രദമായിരുന്നു. അവധിക്കാലത്ത്
സാധാരണ വീട്ടിലിരിക്കാൻ സാധിക്കാറില്ല.
മൂല്യനിർണയം, കോഴ്സുകൾ തുടങ്ങി നമ്മുടെ
ജോലിയുടെ ഭാഗമായി പലപ്പോഴും പുറത്താ

യിരിക്കും. എന്നാൽ കൊറോണക്കാലത്ത് അടുക്കളയിലും കൂടുതൽ സമയം സർഗാ-ത്മകമായി ചിലവഴിക്കാൻ സാധിച്ചു. വ്യത്യസ്തമായ വിഭവങ്ങൾ, മധുരപലഹാരങ്ങൾ എന്നിവ ഉണ്ടാക്കി എല്ലാവരും ഒരുമിച്ച് പങ്കിടുമ്പോൾ വല്ലാത്ത ആനന്ദം ഉണ്ടായി എന്നത് നേരാണ്. സാധാരണ ദിനങ്ങളിൽ വഴിപാട് പോലുള്ള ഉണ്ടാക്കലേ പതിവുള്ളൂ.

ദൃശ്യ- ശ്രാവ്യ മാധ്യമങ്ങളോട് കൂടുതൽ അടുത്തിടപഴകാനും അവസരം കിട്ടി. രണ്ടോ മൂന്നോ ദിവസത്തിൽ തുറന്നിരുന്ന വാട്ട്സ് അപ്പ്, ഫേസ്ബുക്ക്, യൂട്യൂബ് എല്ലാം നിത്യവും ഉപയോഗിച്ചു. ഫോൺ ചാർജ് ചെയ്യൽ എണീറ്റാൽ ഉടനെ ശ്രദ്ധിക്കുന്ന കാര്യമായി. ടി. വി അധികം കാണാറില്ല.

ഇപ്പോൾ അതിന് സമയം കിട്ടുന്നു. എന്നാലും വിവിധ രാജ്യങ്ങളിൽ മനുഷ്യർ കൊറോണ-യ്ക്കു കീഴ്പ്പെടുമ്പോൾ നമ്മൾ വളരെ സുരക്ഷിതരായി വീട്ടിനുള്ളിൽ ഇരിക്കുക-യല്ലേ എന്നോർക്കുമ്പോൾ...

സാഹിത്യവുമായി എനിക്ക് വലിയ അടുപ്പമില്ല. ഭർത്താവും മോനും വായനയും എഴുത്തുമായി മുന്നോട്ട് പോകുകയാണ്. സോഷ്യൽ മീഡിയ-യിൽ കുട്ടികൾക്കായി പ്രവർത്തനങ്ങൾ നൽകുന്നുണ്ട്. അങ്ങനെ ഞാനും കൊച്ചു-കൂട്ടുകാർക്കായി ഒരു കഥാവായനയുടെ വീഡിയോ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തു. നല്ല പ്രോത്സാഹനം ലഭിക്കുകയും ചെയ്തു. എനിക്കും കഴിയും എന്നത് എന്നെ ആഹ്ളാദിപ്പിച്ചു. വീടിന്റെ 25 മീറ്റർ പരിധി-

യ്ക്കകത്ത് 2 ബന്ധുഗൃഹങ്ങൾ ഉണ്ട്. ഒരു തൊടിയിൽത്തന്നെയാണ്. പക്ഷേ, അവിടെ ചിലവഴിക്കാൻ അധികനേരം ഉണ്ടാവാറില്ല. എന്നാൽ അതിനുള്ള അവസര-വും ഇപ്പോൾ ലഭിച്ചു. ഒന്നിടവിട്ട ദിനങ്ങളിൽ അവിടെ പോകും. പ്രത്യേകമായി ഉണ്ടാക്കിയ പലഹാരങ്ങൾ കൈമാറും. പഴയ കഥകൾ പങ്കുവെക്കും.

സാധാരണ വിഷുവിന് അമ്മയുടെ അടുത്തേ-യ്ക്കു പോകാറുണ്ട്. വിഷുക്കോട്ടം വാങ്ങാറുണ്ട്. എന്റെ സ്വന്തം വീട് മലപ്പുറം ജില്ലയിലാണ്. താമസിക്കുന്നത് പാലക്കാട് ജില്ലയിലും. മലപ്പുറം ജില്ലയിൽ നിയമങ്ങൾ കർശനമാണ്. അതിനാൽ ഇത്തവണ പോകാൻ സാധിച്ചില്ല. " സാരമില്ല , രോഗം വരാതിരിക്കുകയല്ലേ

വേണ്ടത്. വിഷു അടുത്ത വർഷവും വരുമല്ലോ"

അമ്മ വിളിച്ചുപറഞ്ഞു.പ്രായമായ അമ്മയ്ക്ക്

പോലും കാര്യങ്ങൾ അറിയാം.

നമ്മൾ സുരക്ഷിതരാണല്ലോ എന്നതിൽപരം

എന്ത് ആശ്വാസമാണ് വേണ്ടത്. നമ്മുടെ

സംഘശക്തി കൊണ്ട്, ആത്മവിശ്വാസം

കൊണ്ട് പൊട്ടിച്ചെറിയാനാവാത്ത ഏത്

വൈറസാണ് ലോകത്തുള്ളത് അല്ലേ ?

- സിന്ധു രാമകൃഷ്ണൻ

<u>പച്ച</u>

പച്ചപ്പയ്യ് കല്യാണത്തിന് ചെന്നപ്പോൾ

എല്ലാവരും കളിയാക്കി.

എന്നും പച്ചസ്സാരി മാത്രമേ ചുറ്റാനുള്ളോ

എന്നു ചോദിച്ചു. പച്ച എത്ര നല്ല

നിറമാണ്. ആ പച്ച കൊണ്ടല്ലേ

നമ്മളെല്ലാവരും ജീവിക്കുന്നതു എന്ന്

പറഞ്ഞുകൊണ്ട് ഒരു പുൽത്തലപ്പ്

പച്ചപ്പയ്യിനെ തലോടി.

- രാമകൃഷ്ണൻ കുമരനല്ലൂർ



# ബോൺസായ്

കരിമ്പാറകളുടെ കരുത്തിനോടു തോറ്റ
ഇളംവേരുകളുടെ നിസ്സഹായതയായിരുന്നു
ബാല്യം.
പ്രതീക്ഷയുടെ പുതുനാമ്പുകൾ കത്രിക്കപ്പെട്ട
തായ്ത്തണ്ടിന്റെ വേദനയായിരുന്നു കൌമാരം.
ആർക്കൊക്കെയോ വേണ്ടി
ഒട്ടിച്ചുചേർക്കപ്പെട്ട, വളച്ചൊടിക്കപ്പെട്ട
ചില്ലകളോടെ ചട്ടിയിൽ പറിച്ചുനടപ്പെട്ട
യൌവനം.
എന്നിട്ടും ഉള്ളിലെ, വാർദ്ധക്യത്തിന്റെ
മരവിപ്പിൽ മുരടിച്ചുനിൽക്കുന്ന
ഞാൻ എങ്ങനെയാണ് നിനക്ക് സുന്ദരനായത് ?

- ജിപ്സൺ ജേക്കബ്

# കാവലും കള്ളനും

മറവിച്ചിറകിനാൽ
കുതിച്ചുപറക്കുന്ന
ഓർമപ്പക്ഷിയാണ് ഞാൻ.
എന്റെയാകാശം
പ്രേമം കോർത്തിരിക്കുന്ന
സ്വർണക്കതിരുപാടം,
അതിനു കാവലും
അതിനു കള്ളനും
ഞാൻ തന്നെയല്ലോ.

-അഭിലാഷ് എടപ്പാൾ

# പുഴ ഓർമ്മിപ്പിക്കുന്നത്

ചരിത്ര പുസ്തകത്തിന്റെ
താളിൽ നിന്ന് ;
മരിച്ച ഒരു പുഴ ഒഴുകി
വാക്കിന്നിടയിൽ മൌനമായി.

മാമാങ്കം, തിരുനാവ
വരരുചിപ്പഴമ
എല്ലാമൊന്നിച്ചു വെക്കണം
ഗവേഷണത്തിന് !

തകർത്ത പാലത്തിൻ ചുവട്ടിൽ
തീർത്ത കൊട്ടാരത്തിന്നടിയിൽ
ഒരു ജലമർമ്മരം
ഉറവ കാത്തുകിടക്കുന്നുണ്ട്.

മനസ്സിന്റെ തീരങ്ങളിൽ

മണലെടുപ്പ് തുടങ്ങിയിരിക്കുന്നു

തടകെട്ടിയെങ്കിലും ഒരിറ്റ്

വെള്ളം കാക്കുക.

ആത്മാവിൽ നിന്ന്

പൊട്ടിത്തൂവി

അത് ഉണ്ണികൾക്ക്

ഉയിരാകട്ടെ.

- ശ്രീജിത്ത്. പി. കെ



# മഞ്ഞ അലരിയ്ക്ക് താഴെ ഒരു ഓടിട്ട വീട്

പണ്ടത്തെ കാലത്തെ ഏറ്റവും പഴക്കമുള്ള ഒരു കാവ് ഉണ്ടായിരുന്നു. അതിന്റെ അരികിലായി വിശാലമായ ഒരു പാടമുണ്ടായിരുന്നു. ആ പാടത്തിന്റെ അരികെയായി പൂത്തണിഞ്ഞുനിൽക്കുന്ന ലല്ലിപ്പൂക്കളുടെ ഒരു കൂട്ടം ഉണ്ടായിരുന്നു. ആ ലല്ലിപ്പൂക്കൾ കാറ്റത്ത് പാറിനടക്കുമായിരുന്നു. ആ പാടത്തിന്റെ ദൂരെ ദൂരെ താഴ്‌വരയിൽ ഒരു ഓടിട്ട വീട്ഉണ്ടായിരുന്നു.ആ വീടിനരികെ ഒരു വീടും ഉണ്ടായിരുന്നില്ല. ആത്രയ്ക്ക് ഭംഗി നിറഞ്ഞ സ്ഥലമായിരുന്നു അത്. ആ കാട്ടിലെ പൂക്കളും ചെടികളുമൊക്കെസുഗന്ധം പരത്താറുണ്ടത്രേ. അങ്ങനെ വിശാലമായൊരു സ്ഥലമായിരുന്നു അത്. അങ്ഹനെ ഒരിക്കൽ ഈ സ്ഥലത്ത് അത്ഭുതകരമായ ഒരു സംഭവം നടക്കുവാൻ പോകുന്ന പോലെയായിരുന്നു പ്യക്രിതിയുടെ ഒരു മാറ്റം. വിശാലമായ ആ മഞ്ഞ നിറമുള്ള പൂക്കൾ കാറ്റത്താടി ആ ഓടിട്ട വീടിനുചുറ്റും ഒരു നിഴലായി നിൽക്കുന്നതുപോലെയും ആ താഴ്‌വരയിലെ കാർമേഘങ്ങൾ ആ വീടിനെ പുതപ്പിക്കുന്നതുപോലെയും എന്തോ ആശ്വസിപ്പിക്കുകയാണോ അതോ സന്തോഷിപ്പിക്കുകയാണോ എന്ന് അരിയാത്തൊരു അവസ്ഥയിലായിരുന്നു ആ വീട്. പിന്നെ പിന്നെ കാലാവസ്ഥയുടെ ഗതി അതിഭീകരമാകുകയായിരുന്നു. പ്യക്രിതിയിലെ സംഭവങ്ഹൾ തന്നെയാണോ ഇത് എന്ന് തോന്നിപ്പോകുന്ന സംഭവങ്ങളായിരുന്നു ആ കാട്ടിൽ പിന്നീട് നടന്നത്. പക്ഷികളുടെ ഗാനത്തിന്റെ സ്വരങ്ങൾ മാറുന്നത് പോലെ. കാറ്റിന്രെ ചലനശക്തി കൂടുന്നതുപോലെ വന്നിട്ട്. അങ്ഹനെ പല കാര്യങ്ങൾകൊണ്ട് കാട് ഒരു ഭീകരമായ കാടാണെന്ന് തോന്നിപ്പോകും. കാട്ടിലെ പല ജീവജാലങ്ങളും മാറിയിരുന്നു. പിന്നീട് ആ കാട്ടിലേക്കുള്ള മനുഷ്യരുടെ കടന്നുകയറ്റം നിർത്തി. മനുഷ്യൻ ത്ന്റെ ജീവിതത്തിലേക്ക് ഒതുങ്ങി. അങ്ങനെ പ്യക്രതിയുടെ ജീവൻ രക്ഷിക്കാനെന്നപോലെ പിന്നെ കുറച്ചു കാലത്തിനുശേഷം അവിടുത്തെ ജീവജാലങ്ങൾ ശാന്തമായി, കിളികളുടെ പാട്ടുകൾ വീണ്ടും മധുരമുള്ളതായിത്തീരാൻ തുടങ്ങി. ആ കാടിനരികെയുള്ള പാടത്തിനരികെയുള്ള താഴ്‌വരവീണ്ടും പഴയതുപോലെ ആവാൻ തുടങ്ങി. ്വിടുത്തെ ലല്ലിപ്പൂക്കൾ വീണ്ടും മഞ്ഞയണിയാനും ചിരിക്കാനും കളിക്കാനും തുടങ്ങി അവിടുത്തെ കാറ്റിന് പൂമണം ഒഴുക്കാൻ തുടങ്ങി. അങ്ങനെ അവിടുത്തെ ആകാശം മഞ്ഞ മെത്ത വിരിക്കാനും ആ ശാന്തതയുടെ താഴ്‌വാരത്ത് ആ ഓടിട്ട വീട് ഉറങ്ങാനും തുടങ്ങി. അങ്ങനെ അങ്ങനെ നാളുകൾ കടന്നുപോയിട്ടും ആ വീടിനു ഒരു കുഴപ്പവുമില്ലാതെ സന്തോഷത്തോടെ കഴിഞ്ഞു. കാലം എങ്ങനെയാണ് കടന്നുപോയതെന്നറിയാതെ ആ കാടും മേടും വീടും ഉറങ്ങുകയാണ്. ആ കാട്ടിൽ മനുഷ്യരുടെ ഒരു ഉപദ്രവവുമില്ലാതെ ശാന്തമായ് കിളികളും പക്ഷികളും താമസിക്കുന്നു. അങ്ങനെ ശാന്തസ്വൈര്യത്തോടെ ആ കിളികൾ ഇന്നും ആ കാട്ടിൽ കഴിയുകയാണ്. അങ്ങനെ സന്തോഷത്തോടെ ഒഴുകുകയാണ് കാട്. കാടിന്റെ താഴ്‌വരയിലാണ് ആ വീടും ആ വീടിന്റെ പരിസരവും കടന്നുപോവുന്നത് കാടിന്റെ സൗന്ദര്യത്തിന്റെ കൂടെത്തന്നെയാണ്

-രോഹിണി 8J

# മഞ്ഞ അലരിയ്ക്ക് താഴെ ഒരു ഓടിട്ട വീട്

സമയം നാലു മണി. മഞ്ഞ അലരിയിക്ക് സമീപം ഒരു ഓടിട്ട വീട്. ആ വീടിന്റെ മുറ്റത്തായി ഒരു മുത്തശ്ശി കട്ടൻ ചായ കുടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ വീട്ടിൽ മുത്തശ്ശി ഒറ്റയ്ക്കായിരുന്നു. മുത്തശ്ശിക്ക് ഒരു മകൾ ഉണ്ടായിരുന്നു. ലക്ഷ്മി എന്നാണ് പേര്. ലക്ഷിമിക്ക് ഒരു മകനുണ്ടായിരുന്നു. അവൻ ചെന്നൈയിെ ഐ.ഐ.ടിയിൽ പഠിക്കുകയായിരുന്നു. ആ മകൻ അവധിക്ക് നാട്ടിൽ വന്നിട്ട് അവന്റെ അമ്മയെ ഡോക്ടറെ കാണിക്കാൻ ഹോസ്പിറ്റലിൽ പോയതായിരുന്നു.തിരിച്ചു വരുന്ന വഴി കുറച്ചു പച്ചക്കറി മേടിക്കാൻ കടയിൽ കയറി തിരിച്ച് റോഡ് ക്രോസ് ചെയ്യുമ്പോളാണ് വലിയൊരു ലോറി വന്ന് അവരുടെ ജീവനെടുത്തത്. അതിനു ശേഷം ആ കൊച്ചു വീട്ടിൽ മുത്തശ്ശി ഒറ്റയ്ക്കാണ്. ആരും മിണ്ടാനില്ലാതെ ആ മുത്തശ്ശി കാലം കഴിച്ചുകൂട്ടി. ഇതെല്ലാം ഓർത്ത് കണ്ണുനീര് തുടച്ചുകൊണ്ട് മുത്തശ്ശി ചായ കുടിച്ച ഗ്ലാസ് കഴുകിവെച്ച് മുത്തശ്ശി വീണ്ടും ആ മുറ്റത്തു വന്നിരുന്നു. അപ്പോഴാണ് ഒരു വണ്ടിയിൽ രണ്ടുമൂന്നാൾക്കാർ വന്നിറങ്ങിയത്. മുത്തശ്ശി ഇരുന്ന കസേരയിൽനിന്ന് എഴുന്നേറ്റു. എന്താണ് സാർ മുത്തശ്ശി ചോദിച്ചു. ഞങ്ങൾ ഈ വീട് ജപ്തി ചെയ്യാൻ വന്നവരാണ് എന്ന് അവർ പറഞ്ഞു. ഇതുകേട്ട മുത്തശ്ശി ഒന്നമ്പരന്നു എന്നിട്ട് പറഞ്ഞു ജപ്തിയോ ഇത്ര പെട്ടെന്ന് ഇത് പറഞ്ഞാൽ എങ്ങനെ ശരിയാവും സാർ. അത് പറഞ്ഞിട്ട് കാര്യമില്ല. ഈ വീട് വാടകയിലാണെന്ന് നിങ്ങൾക്കറിയില്ലേ? വേണമെങ്കിൽ രണ്ടു ദിവസം സമയം തരാം അതിനുള്ളിൽ ഭാക്കി ആടക്കാനുള്ള ഇരുപതിനായിരം രൂപ അടയ്ക്കണം. ഇത് പറഞ്ഞ് ഓഫീസർമാർ തിരിച്ചുപോയി. മുത്തശ്ശി വിഷമത്തോടെ വീടിനകത്തു കയറിപായ വിരിച്ച് കിടന്നു പിറ്റെ ദിവസം മുത്തശ്ശി ഓട്ടോ വിളിച്ച് പോയി ആകെ ഉണ്ടായിരുന്ന ഒന്നര പവന്റെ മാല വിറ്റു. എന്നിട്ട് ബാങ്കിൽപ്പോയി വാടകയൊക്കെയടച്ചു. എന്നിട്ട് തിരിച്ചു വീട്ടിൽ ചെന്നിട്ട് ഒരു ചായ കുടിച്ചതിനുശേഷം മുറ്റത്തു ചെന്നിരുന്നു. എന്നിട്ട് വീടിനു പുറത്തുള്ള ചെടികളൊക്കെ നോക്കി അവയ്ക്ക് ആവശ്യമായ വെള്ളം കൊടുത്തു എന്നിട്ട് സ്ഥിരം കിടക്കുന്ന പായിൽ പോയി കിടന്നു. പിറ്റെ ദിവസം രാവിലെ പാൽ കൊടുക്കാൻ വന്ന ചേട്ടൻ കുറേ നേരം ഹോൺ അടിച്ചു എന്നിട്ടും വാതിൽ തുറക്കാത്തതുകൊണ്ട് സംശയം തോന്നിയ പാൽക്കാരൻ വാതിൽ തുറന്നു നോക്കിയപ്പോൾ കണ്ടതു ഹൃദയമിടിപ്പു നിലച്ച വെറും ശരീരം മാത്രം. അപ്പോൾ അയാൾക്ക് മനസ്സിലായി മുത്തശ്ശി ഈ ലോകത്തിൽ നിന്ന് യാത്ര പറഞ്ഞിരിക്കുന്നു.

- ജിഷ്ണു കൃഷ്ണൻ 8K

# സ്മൃതി

മന്ദാരം പൂത്തുലയുന്ന വസന്തത്തിൽ
നിൻ സ്മൃതിയെന്നിലുണരുന്നു എൻ പ്രിയ സഖീ...
വിണ്ണിലെ താരകങ്ങൾ മണ്ണിലേക്കു
വീഴുമ്പോഴും അവളുടെ മിഴികളിൽ
എന്നിലെ സ്നേഹം കാണാം.......
ബാല്യകാലത്തുനിൻ പാട്ടുപോലെ മൃദുലമായ
കരങ്ങൾ കോർത്ത് ആലിൻ ചുവട്ടിൽ
കിന്നാരം ചൊല്ലി നിന്നത് ഞാൻ ഓർക്കുന്നു..........
അരുവിയുടെ ഓളങ്ങൾ ചിന്നിചിതറയൊവുകു
മ്പോഴും അനന്തമായ പ്രണയം
ഇന്നുമെൻ മനമാകെ സ്മൃതികളാക്കുന്നു.......
മരത്തിന്റെ ചില്ലകളിൽ ഇണയായിരിക്കുന്ന
കിളികളെ കാണുമ്പോൾ എൻ പ്രാണസഖിയുടെ
സ്മൃതികളെന്നിലലിയുന്നു.............
കോരിച്ചൊരിയുന്ന മഴയത്ത്
പാടവരമ്പിലൂടെ ചങ്ങാതികളുമൊത്ത്
കളിയും ചിരിയുമായി നടന്നതെൻ സ്മൃതികൾ
തൊട്ടുണർത്തുന്നു..........
കാലം കടന്നുപോയാലും, മനുഷ്യന്റെ ഹൃദയത്തിലെ
ഉള്ളറകളിൽ സ്നേഹവും, സ്മൃതികളും
തൂവൽ പോലെ സ്പർഷിക്കുന്നു.......
ആയിരം ജന്മമെടുത്താലും എന്റെ
പ്രിയസഖിയുടെ ഓർമ്മകൾ മരിക്കുകയുല്ല.......
അവളുടെ മനസ്സിൽ എന്നോടുള്ള
തുടിപ്പുകൾ ഇന്നാണു ഞാൻ മനസ്സിലാക്കുന്നത്....
എപേപോഴോ സ്വപ്നങ്ങൾക്ക്
ചിറകുമുളച്ചപ്പോൾ എല്ലാം പാതി
വേണ്ടെന്നുവച്ചു ഞാൻ പോയീ......
കണ്ണീരിൽ ഊർന്നുപോയിരുന്നു ഓരോ
രാത്രിയും..........
ഇന്നിപ്പോൾ പ്രായമേറിയിരിക്കുന്നു
യൗവ്വനകാലത്തെയും ബാല്യകാലത്തിലേയും
പ്രണയവും സൗഹൃദവും
എല്ലാം ആത്മാവിന്റെ ആഴങ്ങളിൽ അലയായി
ആഞ്ഞടിക്കുന്നു.....
എന്നിലെ പ്രണയം അവളിലെ ചെറു,
പുഞ്ചിരിയിലൂടെ ഞാൻ
ആകർഷിക്കവേ, ഇത്രയും അനശ്വരവും
അനർഘവുമാണെന്ന് ഞാനിന്നവളുടെ
സ്മൃതികളിലൂടെ അറിയുന്നു.....
സ്മൃതികൾ എന്നിലലയടിക്കുമ്പോഴും

അവളോടുള്ള ആത്മാർത്ഥമായ
പ്രണയം ഇന്നും, എന്നും
പട്ടുപോലെ തിളങ്ങുന്നു......
അവളുടെ സ്നേഹം ആസ്വദിക്കാൻ
വീണ്ടുമൊരു ജന്മം കൂടി ഞാൻ
ആഗ്രഹിക്കുന്നു.......
ബാല്യത്തിലേയും, യൗവ്വന കാലത്തിലേയും
സൗഹൃദവും സന്തോഷവും ആഗ്രഹിക്കുന്നു........
അത്രമേൽ അതുല്യമാണ് ഓരോ സ്മൃതികളും,
സ്മൃതികളാണ് ജീവിതത്തിൽ കൊണ്ടുവരുന്ന മാറ്റത്തിന്റെ
ഓളം................
എല്ലാത്തിന്റെയും അർത്ഥം
സ്മൃതികളിലൂടെ ഉണർത്തുന്നു..........

- അനഘ ടി.പി 9L

# മഞ്ഞ അലരിയ്ക്ക് താഴെ ഒരു ഓടിട്ട വീട്

താഴേപ്പാടം എന്ന മനോഹരവും സുന്ദരവുമായ ഒരു ഗ്രാമപ്രദേശമുണ്ടായിരുന്നു. നഗരത്തിന്റെ തിക്കും തിരക്കും ഒച്ചയും ബഹളവുമെല്ലാം ഒഴിഞ്ഞ മനോഹരമായ ഗ്രാമപ്രദേശം. ആ ഗ്രാമത്തിലൂടെ മനോഹരവും സുന്ദരവുമായ ഒരു നദി ശാന്തമായി ഒഴുകിയിരുന്നു. ആ നദി ആ ഗ്രാമത്തെ ഫലഭൂയിഷ്ഠമാക്കി. ആവിടെ ഒരു വലിയ മഞ്ഞ അലരിയ്ക്ക് താഴെ ഓടിട്ട ഒരു കൊച്ചു വീട്ടിലാണ് റാമും അദ്ദേഹത്തിന്റെ ഭാര്യ സീതയും താമസിച്ചിരുന്നത്. രണ്ടു പേരും അധ്യാപകരായിരുന്നു. അവിടെയുള്ള ഒരു എൽ.പി സ്കൂളിലായിരുന്നു അവർ പഠിപ്പിച്ചിരുന്നത്. അവരുടെ മകനായിരുന്നു സച്ചിൻ. മിടുക്കനും പഠനത്തിൽ സമർഥനുമായിരുന്നു സച്ചിൻ. അച്ചടക്കവും വളരെ നല്ല സ്വഭാവമുള്ളവനായിരുന്നു അവൻ. അവന് സോഫ്റ്റ്‌വെയർ എഞ്ചിനീയറാകാനായിരുന്നു ആഗ്രഹം. പത്താം ക്ലാസിൽ ഫുൾ എ പ്ലസ്സോടെ പാസായി. പ്ലസ്ടുവിലും ഫുൾ മാർക്കോടെ പാസായി. അവൻ പ്ലസ്ടു കഴിഞ്ഞതിനുശേഷം ജെ.ഇ.ഇയ്ക്കു വേണ്ടി റിപ്പീടേഴ്സ് ബാച്ചിൽ ബ്രില്യന്റ് പാലായിൽ പഠിച്ചു. അവൻ ആദ്യ ശ്രമത്തിൽതന്നെ ജെ.ഇ.ഇ മെയിൻസും അഡ്വാൻസും ക്ലിയർ ചെയ്തു. അവന്റെ ആഗ്രഹം പോലെ മുംബൈ ഐ.ഐ.ടിയിൽ സോഫറ്റ്‌വെയർ എഞ്ചിനിയറിങ്ങിന് സീറ്റും കിട്ടി. അങ്ങനെ അവൻ മുംബൈ ഐ.ഐ.ടിയിൽ ചേർന്നു. അവിടെവെച്ചാണ് അവന്റെ ജീവിതം തന്നെ മാറിമറിഞ്ഞത്. ഐ.ഐ.ടിയിൽ നാല് വർഷം പഠിച്ച് കോഴ്സ് പൂർത്തിയാക്കി ഇന്റർവ്യൂവിനുശേഷം ഗൂഗിളിൽ സോഫ്റ്റ്‌വെയർ എഞ്ചിനിയറായി ജോലി കിട്ടി. അതിന്റെ ഭാഗമായുള്ള ട്രെയിനിംഗ് സെഷനിൽ അവൻ കുറച്ചുപേരെ പരിചയപ്പെട്ടു. അവൻ വളരെവേഗം തന്നെ അവരുമായി സൗഹൃദത്തിലായി. അങ്ങനെയിരിക്കെ അവരുടെ കൂട്ടത്തിൽപ്പെട്ട ഒരു കെൺകുട്ടി അവന് ലഹരി മരുന്ന് നൽകി. ആദ്യം അവൻ അത് വാങ്ങാൻ മടിച്ചെങ്കിലും പിന്നെ അത് അവൻ ഒരു വട്ടം ഉപയോഗിച്ചു. അവന്റെ ജീവിതംതന്നെ മാറിമറിഞ്ഞു. അവൻ അതിന് അടിമയായി. കയ്യിലുള്ള പണം തീർന്നപ്പോൾ അവൻ തന്റെ കൂട്ടുകാരന്റെ പോക്കറ്റിൽനിന്ന് പണം മോഷ്ടിച്ച് ലഹരി വാങ്ങി. അവസാനം ഒരു ഗതിയുമില്ലാതായപ്പോൾ അവൻ തിരിച്ച് നാട്ടിലെത്തി. അവന്റെ അമ്മ അവനെക്കുറിച്ചുള്ള സത്യാവസ്ഥ അറിഞ്ഞ വളരെ അധികം സങ്കടപ്പെട്ടു. അവൻ പണം ചോദിച്ചപ്പോൾ അമ്മ കൊടുത്തില്ല. ആ ദേഷ്യത്തിൽ ആ ലഹരിയുടെ പ്രഭാവത്തിൽ അവൻ തന്റെ അമ്മയെ ഒരു ഇഷ്ടികവെച്ച് തലയ്ക്കടിച്ചുകൊന്നു. തന്റെ അമ്മയുടെ സ്വർണ്ണാഭരണങ്ങളുമായി അവൻ എവിടേക്കോ ഓടിപ്പോയി. അവന്റെ അച്ഛൻ കുറ്ക്കാലം മുൻപ്തന്നെ മരിച്ചിരുന്നു. ആങ്ങനെ ആ മഞ്ഞ അലരിയ്ക്ക് താളെഴുള്ള ഓടിട്ട വീട്ടിൽ സീതയുടെ ചേതനയറ്റ മൃതദേഹം കിടന്നു. ആ മഞ്ഞ അലരിമരത്തിലെ കൊണ്പുകളെല്ലാം വാടിപ്പോയിരുന്നു.ആ മഞ്ഞപ്പൂക്കൾ അപ്പോഴേക്കും ആ മരത്തിൽ നിന്നും അപ്രത്യക്ഷമായിരുന്നു.

-അലിൻതാര സി 9K

# കുട്ടിക്കാലം

എന്തു രസമാം എൻ ബാല്യം
മഴത്തുള്ളികളോടൊത്ത് നൃത്തമാടാൻ
കൂട്ടുകാരൊത്ത് കളിച്ചിടാനും
മഴയത്ത് ഓടിക്കളിക്കുന്നതും
മാതാവ് വന്ന് തല്ലുന്നതും
അച്ഛനുമൊത്ത് മീൻ പിടിക്കുന്നതും
എങ്ങനെ മറക്കും ആ ബാല്യം.
കൂട്ടുകാരുമൊത്ത് പീടികയിൽനിന്ന് സിപ്അപ് കുടിക്കുന്നതും
എങ്ങനെ മറക്കും ആ ബാല്യം.
എൻ കുസൃതികണ്ട് പൊട്ടിച്ചിരിക്കും മേഘങ്ങളും
എൻ ബാല്യത്തിലേക്ക് പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു
അച്ഛനുമൊത്ത് പന്തുകളിക്കുന്നതും
ഞാൻ വിജയിക്കുന്നതും
എന്തു രസമീ കുട്ടിക്കാലം
കൂട്ടുകാരെ കാണാൻ ഞാൻ ആഗ്രഹിക്കുന്നു
എനിക്ക് തിരിച്ചുപോകണം ആ ബാല്യത്തോട്ട്
എന്തു രസമാണാ ബാല്യം.........
ഓർക്കുവാൻ കുറേയുണ്ട് എൻ ബാല്യത്തോട്.....

അനഘ 7G

# അന്നും മഴയായിരുന്നു

അങ്ങ് ദൂരെ ഒരു കുഞ്ഞു ഗ്രാമമുണ്ടായിരുന്നു. അവിടെ മഴക്കാലമായിരുന്നു. ആ ഗ്രാമത്തിൽ ഒരു ഓടിട്ട സ്കൂളുമുണ്ട്. ആ സ്കൂളിൽ സുഹൃത്തുക്കളും സഹപാഠികളും ആയിരുന്ന ഗീത എന്ന കുട്ടിയും രോഹിണി എന്ന കുട്ടിയും ഉണ്ടായിരുന്നു. അവർ അടുത്ത കൂട്ടുകാരുമായിരുന്നു. ഒരു ദിവസം രാവിലം നല്ല മഴയുണ്ടായിരുന്നു. രണ്ടുപേരും വഴിയിൽനിന്ന് കണ്ടുമുട്ടി. അവരുടെ കൈയ്യിൽ കുടയോ റെയിൻകോട്ടോ ഉണ്ടായിരുന്നില്ല. അവർ ഒരു ചെറിയ കടയിൽ കയറിനിന്നു. പക്ഷേ സ്കൂളിൽ എത്താൻ ഉള്ള സമയമായിരുന്നു. അതുകൊണ്ട് അവർ രണ്ടു ചേമ്പിന്റെ ഇലകൾ പറിച്ച് തലയുടെ മുകളിൽവെച്ച് നടക്കാൻ തുടങ്ങി. അവർ സ്കൂളിൽ എത്തി. ഓടിട്ട സ്കൂളായിരുന്നതിനാൽ അവർ കുറച്ചു മഴയൊക്കെ കൊള്ളും. ക്ലാസിലിരുന്നു മഴ വിശേഷങ്ങൾ പറയുകയായിരുന്നു രോഹിണിയും ഗീതയും. അവർ രണ്ടുപേരും ഒരുമിച്ചാണ് ഇരിക്കുക. രണ്ടുപേരും അന്നും ഇന്നത്തെപ്പോലെ മഴ നനഞ്ഞായിരുന്നു സ്കൂളിൽ എത്തിയത്. അതിനെക്കുറിച്ചും രണ്ടുപേരും പറയുന്നുണ്ടായിരുന്നു. അന്നത്തെ മഴ ഇതിനും കടിനമായിരുന്നന്നെന്ന് ഗീത പറഞ്ഞു. അന്ന് അവർ ക്ലാസിൽ ഇരിക്കാൻ പറ്റാത്തതുകൊണ്ട് സ്കൂളിൽ ശീറ്റിട്ടിട്ടുള്ള ഒരു മുറിയിലേക്ക് മാറിയിരുന്നു. അവിടെയായതുകൊണ്ട് പറയുന്നതൊന്നും കേൾക്കാൻ പറ്റില്ലായിരുന്നു. മഴ ശീറ്റിന്റെ മുകളിൽ വീഴുമ്പോൾ ഒരു ശബ്ദം ഉള്ളതുകൊണ്ടാണ. അതുകൊണ്ട് അന്ന് ക്ലാസെടുക്കാൻ പറ്റിയിരുന്നില്ല. അന്നത്തെ മഴ കാരണം ചില സ്ഥലങ്ങളിൽ വെള്ളം കയറി. ചില വീടുകളിലും വെള്ളം കയരിയിരുന്നു. ഒരു മരം വേരു മറഞ്ഞ് വീഴുകയും ചെയ്തു. കടകളിലും ഒരുപാട് വെള്ളം കയറി കുറെ നാഷനഷ്ടം ഉണ്ടായി. ഗീതയും രോഹിണിയും അന്ന് സ്കൂൾ കഴിഞ്ഞ് വീട്ടിലെത്തിയപ്പോഴും വെള്ളത്തിൽ ചവുട്ടിയാണ് നടന്നിരുന്നത്. വീടിനു ചുറ്റും വെള്ളം കെട്ടിയിരുന്നു. ആ ദിവസം അവർക്ക് കളിക്കാനും പറ്റിയിട്ടുണ്ടായിരുന്നില്ല. ആ ദിവസം അവർക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു ദിവസമായിരുന്നു. ചെടും മറ്റുകടകളിലെ സാധനങ്ങളുമെല്ലാം ചെടിയും മറ്റു കടകളിലെ സാധനങ്ങളുമെല്ലാം വെള്ളത്തിൽ മുങ്ങിപ്പോയി. ചിലയിടത്ത് വെള്ളം കയറി വീടുകളിൽ കുടുങ്ങിയിരിക്കുന്നവരെ രക്ഷിക്കുന്നുമുണ്ടായിരുന്നു. പിന്നെ കുറച്ചു ദിവസം അങ്ങനെ മഴതന്നെ. ഗീതയുടേയും രോഹിണിയുടേയും വീടുകളിൽ വെള്ളം കയറിയിരുന്നില്ല. വീടുവെള്ളത്തിലായവരിൽനിന്ന് ഒരാൾക്ക് താമസിക്കാൻ ഗീതയുടെ വീട്ടിൽ സ്ഥലം കൊടുത്തു. അത് വീതയുടെ കുടുംബത്തിന്റെ നല്ല മനസ്സായിരുന്നു. ഗീതയ്ക്കും രോഹിണിയ്ക്കു◌ം മഴയായതുകൊണ്ട് സ്കൂൾ കുറച്ചുദിവസം അവധിയായിരുന്നു. പ്കഷേ അവർക്ക കളിക്കാനും പുറത്തിറങ്ങാനും പറ്റിയിരുന്നില്ല. ദിവസങ്ങൾ കടന്നുപോയി. മഴയെല്ലാം പോയി. ആ ആളുടെ വീടും നശിച്ചു പോയി. ഗീതയുടെ വീട്ടിൽ താമസിക്കുന്ന ആൾക്ക് പുതിയ വീടുകിട്ടി. അവർ ഗീതയുടെ കുടുമബത്തോട് നന്ദി പറഞ്ഞ് പോയി. ഗീതയും രോഹിണിയും വീണ്ടും സ്കൂളിലേക്ക് പോകാൻ തുടങ്ങി. കുറച്ചു ദിവസങ്ങൾ കഴിഞ്ഞുപോയി. അവർ ഇതെല്ലാം പറഞ്ഞിരുന്നു. സമയം കടന്നുപോയി. രാവിലെ സ്കൂൾ തുടങ്ങാനുള്ള ബെൽ അടിച്ചു. അങ്ങനെ ആ ദിവസവും കഴിഞ്ഞുപോയി. കുറേ ദിവസങ്ങൾക്കശേഷം മഴക്കാലം മാറി

വേനൽക്കാലം വന്നു. വേനൽക്കാലത്തെ ഒരു ദിവസം ഗീതയും രോഹിണിയും വെയിലുകൊണ്ട് വിയർത്തു അവശരായാണ് സ്കൂളിലെത്തിയത്. ദാഹം കൂടുതലായതുകൊണ്ട് വീട്ടിൽനിന്ന് കൊണ്ടുവന്ന വെള്ളമെല്ലാം കഴിയാൻ തുടങ്ങി. ആ ദിവസം സ്കൂൾ കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ ഗീതയുടെ വീടിന്റെ ചുറ്റും വരണ്ടിരിക്കുകയായിരുന്നു. രോഹിണിയുടെ വീടിന്റെ അടുത്ത് ഒരു കുളമുണ്ടായിരുന്നു. മഴക്കാലത്ത് നിറഞ്ഞിരുന്ന കുളമായിരുന്നു. ഇപ്പോൾ ഒരു തുള്ളി വെള്ളംഇല്ലല്ലോ എന്നാലോചിച്ചിരിക്കുകയാണ് രോഹിണി. ഈ ദിവസെ അവർ അന്നത്തെ മഴയെക്കുരിച്ച് ആലോടിട്ടിരുന്നു. വെയിലുകാരണം കളിക്കാനും ആവില്ല. സ്കൂളിലേക്ക് നനഞ്ഞുവന്ന അവർ അന്നു വിയർത്താണ് സ്കൂളിലെത്തിയത്. അന്നത്തെ ആ മഴയെക്കുറിച്ച ആലോചിച്ചിരിക്കുകയാണ് ഇപ്പോൾ അവർ.

-ശ്രീലക്ഷ്മി സി.എച്ച് 6F

# സ്നേഹത്തെതേടി

വർഷം രണ്ടായിരം, ഏക്കറുകണക്കിന് സ്ഥലവും കോടിക്കണക്കിന് സ്വത്തും ഉള്ള ദേവരാജനും രാധികയ്ക്കും അവരുടെ എല്ലാത്തിനും അവകാശിയായ മകൾ ജനിക്കുന്നു. തങ്ങളുടെ മകൾ ധന്യമായവളാണ് എന്ന് ആ മാതാപിതാക്കൾ പരസ്പരം മുഖത്തോട് നോക്കിപ്പറയുന്നു. “അതെ രാജേട്ടാ, ഇത്രയും സമ്പത്ത നമുക്കുള്ളതിനാൽ നമ്മുടെ മകൾക്ക് ഒന്നിന്റെ കുറവും ഉണ്ടാവില്ല അല്ലേ?” രാധിക നിറഞ്ഞ പ്രത്യാശയോടെയും സ്ന്തോഷത്തോടെയും തന്റെ പ്രിയനോട് പറഞ്ഞു. അതെ,ശരിയാണ് നാമീ കഷ്ടപ്പെട്ടതു മുഴുവനും അവൾക്കു വേണ്ടിയല്ലേ. അയാൾ മറുപടി പറഞ്ഞു. അവളെ നമുക്ക് രു കുറവുമില്ലാതെ വളർത്തണം. നമ്മുടെ മകൾ അതിന് ഒറ്റയ്ക്ക് വളരുന്നതാ നല്ലത്. കൂട്ടിനൊരു കൂടപ്പിറപ്പുകൂടി ഉണ്ടായാൽ അവളെ നമുക്ക് കൂടുതൽ സന്തോഷിപ്പിക്കാനാവില്ല. അവൾ ത്ന്റെ മകളെ ഒരു രാജകുമാരിയായി വളർത്താനുള്ള അതിയായ മോഹത്തോടെ അങ്ങനെയങ്ങനെ കാടുകയറി രാധിക പറഞ്ഞു. അവർ രണ്ടുപേരും തങ്ങളുടെ പൊന്നോമനയെ എങ്ങനെ വളർത്തണമെന്നുള്ള തിരക്കിലാണ്.

ടീച്ചർ എല്ലാവരയും ഒന്നൊന്നായി പരിചയപ്പെടുന്നു. ഒടുവിൽ അവളുടെ ഊഴമെത്തി. എന്റെ പേര് നിരഞ്ജന. എന്റെ അച്ഛൻ ഒരു ബിസ്സിനസ്സ് മാനേജറാ, പേര് ദേവരാജൻ. അമ്മ കോളേജ് പ്രൊഫസ്സർ രാധിക. എനിക്ക് വേണ്ട എല്ലാതും എന്റെ അച്ഛനും അമ്മയും ചെയ്തുതരും. എനിക്ക ചിത്രം വരയ്ക്കാനാ ഇഷ്ടം. അതെ, ആ സമ്പന്ന ദമ്പതികളുടെ പുത്രിയുടെ പേര് നിരഞ്ജന. ആഹാ കൊള്ളാമല്ലോ, മോള് നല്ല മിടുക്കിയാ. ടീച്ചർ പറഞ്ഞു.

സ്കൂളിന്റെ ബെല്ലു മുഴങ്ങി. നിരൂ.. നീ നല്ല ലക്കിയാ നിനക്ക് സൂപ്പർ ഡാഡുണ്ട് സൂപ്പർ മമ്മിയുമുണ്ട് അവളുടെ പ്രിയകൂട്ടുകാരി പറഞ്ഞു. താങ്കയൂ ആവൾ നിഷകളങ്കതയോടെപ്പറഞ്ഞു.

അമ്മേ എനിക്ക് കിട്ടിയത് കണ്ടോ, നോക്കമ്മേ അവൾ ഉത്സാഹത്തോടെ പറഞ്ഞു. സോറി മോളെ, അമ്മ വർക്ക് ചെയ്യുന്നത് കണ്ടില്ലേ? അമ്മ ത്ന്റെ തിരക്കിനിടയിൽ അവളെ ശ്രദ്ധിക്കുന്നില്ല. അച്ഛാ എനിക്ക് കിട്ടിയ ട്രോഫി നോക്ക്. നോക്കച്ഛാ അവൾ അച്ഛൻ നോക്കുമെന്ന പ്രതീക്ഷയോടെ ചോദിച്ചു. നിന്നോടെത്ര തവണ ഞാൻ പറഞ്ഞിട്ടുണ്ട് ഇതുപോലെ ജോലിചെയ്യുന്ന സമയത്ത് എന്നെ ശല്യപ്പെടുത്തരുതെന്ന്, എന്റെ ശ്രദ്ധ കളയാനായി അവളുടെ ഒരു ട്രോഫി. ചെന്നുപോയി വല്ലതും പഠിക്ക് അച്ഛന്റെ മൂർച്ചയേറിയ ശകാരങ്ങൾ അവളെ വിഷമിപ്പിച്ചു. അവളുടെ മിഴികളിൽനിന്ന് കണ്ണീരുറവ ഒലിക്കാൻ തുടങ്ങി. അച്ഛനുമമ്മയും എപ്പോഴും ഇങ്ങനാ എന്നെ തീരെ ശ്രദ്ധിക്കില്ല. അവൾ കണ്ണാടിയിൽ തന്റെ നനവാർന്ന കണ്ണുകൾ നോക്കി പറഞ്ഞു.

വർഷം ഒരുപാട് കടന്നുപോയി. പണ്ടത്തേതുപോലെത്തന്നെ സമ്പത്തുണ്ടാക്കുന്ന തിരക്കിൽ മാതാപിതാക്കൾ അവളോട് മിണ്ടാറുപോലുമില്ല. അവൾക്ക് ആവശ്യമുള്ളതെല്ലാം വാങ്ങിക്കൊടുക്കുന്നുണ്ട്. പക്ഷേ അവരുടെ ഉള്ളിലെ സ്നേഹം അവർ ഇന്നേവരെ പകർന്നുകൊടുത്തിട്ടില്ല. അവളിപ്പോൾ തന്റെ വിദ്യാലയത്തിന് അഭമാനമായി സംസ്ഥാനത്തെ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയവരിൽ ഒരാളാണ്. നമ്മുടെ വിദ്യാലയത്തിന്റെ അഭിമാനതാരം നിരഞ്ജന തന്റെ വിജയത്തിന്റെ ചുവടുപടികൾ പങ്കുവെക്കാനായി

സദസ്സിലേക്ക സാദരം സ്വാഗതം ചെയ്യുന്നു. അവതാരകൻ പറഞ്ഞു. എല്ലാവർക്കും നന്ദി. എനിക്കൊരുപാട് കാര്യങ്ങളൊന്നും പറയാനില്ല. എന്റെ ഈ വിജയത്തിന് കാരണം എന്റെ മാതാപിതാക്കളാണ്. അവരോട് ഞാൻ മിണ്ടാൻ ശ്രമിക്കുമ്പോഴെല്ലാം അവർ എന്നെ മാറ്റിനിർത്തും. പഠിക്കാൻ പറയും. അവരുടെ ജോലിത്തിരക്ക് കാരണമാകാം. അവരോട് മിണ്ടേണ്ട സമയമെല്ലാം പഠിച്ചാണ് ഞാൻ ഈ വിജയം നേടിയെടുത്തത്. അവളുടെ കൺതടങ്ങളെല്ലാം നനഞ്ഞുപോയി. അവളുടെ ഈ വാക്കുകളിൽ ഒളിഞ്ഞിരിക്കുന്ന നഗ്നമായ ഒരുപാട് സങ്കടങ്ങൾ കാരണമാണ് അവൾ കരഞ്ഞത്. ഇതൊന്നുമല്ല കൗതുകം, അവളുടെ വാക്കുകളിലെ ഒളിഞ്ഞിരിക്കുന്ന വർഷങ്ങളോളമായ ആ സങ്കടങ്ങൾ അറിഞ്ഞിട്ടാണോ എന്നറിയില്ല. അവളുടെ മാതാപിതാക്കളുടെ കണ്ണുകൾ പൊടിയാൻ തുടങ്ങി.

രാജേട്ടാ ഇന്ന് നമ്മുടെ മകൾ പറഞ്ഞത് കേട്ടില്ലേ. അതിൽ ന്യായമുണ്ട്. മാം അവൾക്കുവേണ്ടി സ്വത്തുണ്ടാക്കുന്ന തിരക്കിൽ പലതും മറന്നുപോയി. അവളെ സ്നേഹിക്കാൻപോലും. രാധിക തനിക്ക് ചെയ്യാൻ പറ്റാത്തതോർത്ത് ലഝ്ഝയോടെ പറഞ്ഞു. നമുക്ക് ഇത്രയും കാലം ഒന്നും ചെയ്യാൻ പറ്റിയില്ല. പക്ഷേ നമുക്ക് നൽകാൻ പറ്റാത്തത് അമ്മയ്ക്ക് പറ്റും. എന്തൊക്കയോ മനസ്സിൽ വെച്ചുകൊണ്ട് അയാൾ പറഞ്ഞു. ഏട്ടനെന്താ ഉദ്ദേശിച്ചത്. രാധികയുടെ മുഖം മുഴുവൻ സംഷയമായി. ഒന്നുമില്ല ഈ നഗരജീവിതത്തോട് അവൾക്കത്ര പരുത്തപ്പെടാൻ സാധിക്കുന്നില്ല. നമുക്ക് ഒരാഴ്ചത്തേക്ക് ആവളെ എന്റെ അമ്മയുടെ വീട്ടിലേക്ക് കൊണ്ടുപോയാലോ? അയാൾ പറഞ്ഞു.

സൂര്യൻ നേരത്തെത്തന്നെ വന്നു. അവർ മൂവരും ഗ്രാമത്തിലെ മഞ്ഞ അലരിപ്പൂക്കളുടെ തണലിൽ നിറശോഭയോടെ തെളിഞ്ഞുനിൽക്കുന്ന പഴയ ഓടിട്ട വീടിന്റെ മുറ്റത്താണ്. ആരിത് നിരുമോളോ കോറിവാ ആ വ്യദ്ധ പുറത്തേക്ക് വന്നുകൊണ്ട് അവളുടെ കൈപിടിച്ച് അകത്തേക്ക് കയറി. അമ്മേ ഞങ്ങൾ നിൽക്കുന്നില്ല. കുറച്ച് ദിവസത്തേക്ക് ഇവളെ ഇവിടെ താമസിപ്പിക്കുവാ. ഞങ്ങൾ പോയിട്ട് പിന്നെ വരാം. ദേവരാജൻ പറഞ്ഞു. അയ്യോ മക്കള് കയറുന്നില്ലേ? എത്ര കാലത്തിനു ശേഷമാ വന്നിരിക്ക്ണത്. അമ്മേടെ ചായ കുടിച്ചിട്ട് പോവാടാ. ആശങ്കയോടെ ആ വ്യദ്ധ പറഞ്ഞു. ഇല്ല അമ്മേ ഏട്ടന് അവിടെ വലിയൊരു മീറ്റിങ്ങുണ്ട്. ഞങ്ങൾ പിന്നീടൊരിക്കൽ വരാം. രാധിക പറഞ്ഞു. അമ്മയുടെ വാക്കുകൾ കേൾക്കാനിടയില്ലാതെ അവർ പോയി. അവരിങ്ങനെയാ, ഭയങ്കര വലിയ ജോലിക്കാരാ മോൾക്ക് അച്ഛമ്മയെ അറിയോ? മോൾക്ക് ഒരു വയസ്സുള്ളപ്പോഴാ അച്ഛമ്മ മോളെ അവസാനമായി കാണുന്നെ. അവൻ പറഞ്ഞതാ അവിടെ നിൽക്കാൻ. പക്ഷേ എനിക്കവിടെ പറ്റില്ലാ. അവിടെ ഭയങ്കര ബുദ്ധിമുട്ടാ ജീവിക്കാൻ. അയ്യോ അച്ഛമ്മയോട് ക്ഷമിക്കണം ഇവിടെ ആ കുന്ത്രാണ്ടമില്ലാ.. ഏത് ആ തണുപ്പിക്കുന്ന സാധനം. അച്ഛമ്മയുടെ വാക്കുകൾ നിന്നു. ഏത് ഏസിയാണോ? നിരു പറഞ്ഞു. അതെ മോളെ അതെന്നെ ഇവിടെ അതൊന്നുമില്ലാ മോൾക്ക് ബുദ്ധിമുട്ടാകുമോ? അച്ഛമ്മ നിരാശയോടെ ചോദിച്ചു. ഇല്ല അച്ഛമ്മേ അവൾ ചെറുപുഞ്ചിരിയോടെ പറഞ്ഞു.

ആ കൊച്ചുഗ്രാമത്തിൽ മഞ്ഞ അലരിപ്പൂക്കളുമായും നെല്ലുമായും ചെളിയുമായും മഴയുമായും മൃഗങ്ങളോടൊത്തും അവൾ കളിക്കാൻ തുടങ്ങി. അയ്യോ നിരുമോളെ മഴയത്ത് കളിക്കല്ലേ പനിവരും തോർത്തുമുണ്ടുമായി അച്ഛമ്മ അവളെ വിളിച്ചുകൊണ്ടുവന്ന് തോർത്താൻ തുടങ്ങി. വേണ്ട, അച്ഛമ്മ എനിക്കിനിയും മഴയത്ത് കളിക്കണം. ഈ കഴിഞ്ഞ പതിനഞ്ച് വർഷമത്രയും

എനിക്കിതന്നും കിട്ടിയിട്ടില്ല. പ്ലീസ്. അവൾ കെഞ്ചി. ഇല്ലഇല്ല ഇതെങ്ങാനും രാജനറിഞ്ഞാലോ? അവർക്ക് ഇതൊന്നുമിഷ്ടമല്ല. അതുകെഴപ്പല്ലയ അച്ഛമ്മേ. അവൾ വീണ്ടും മുറ്റത്തേക്കോടി.പതിവുപോലെ അവൾ അച്ഛമ്മയുടെ കഥയ്ക്കുശേഷം അവൾ ഉറങ്ങാൻ കിടന്നു. അവൾ ചിന്തിക്കാൻ തുടങ്ങി. വല്യ ബംഗ്ലാവിലൊന്നും സ്നേഹമുണ്ടാവില്ല. ചെറിയ ഈ കൊട്ടുവീട്ടിലൊക്കെ ആയിരിക്കും സ്നേഹവും സമാധാനവും. പണത്തിന് നൽകാൻ പറ്റാത്ത പല കാര്യങ്ങളുമുണ്ട്. ഈ കഴിഞ്ഞ പതിനഞ്ചുവർഷത്തിനിടയ്ക്ക് ഇച്ചുവരെ അച്ഛനുമമ്മയും എന്നെ നീരു എന്നു വിളിച്ചിട്ടില്ല. പണമൊന്നുമല്ല ഈ സ്നേഹമും സന്തോഷവും സമാധാനവുമെല്ലാം. എന്റെ ജീവിതംപോലെ ഈ മഞ്ഞ അലരിപ്പൂക്കൾ കൊഴിഞ്ഞു നിറഞ്ഞ ഓടിട്ട വീട്ടിലാണ് സ്നേഹിക്കാനുള്ള മനസ്സ് നമുക്ക് തരാൻ ലോകത്താരെങ്കിലുമുണ്ടെങ്കിൽ നാം ഭാഗ്യവാനാണ്. ഇനി തിരിച്ചു നഗരത്തിലേക്കൊരു മടക്കം ഞാൻ ആഗ്രഹിക്കുന്നില്ല. ആ അച്ഛമ്മയുടെ സ്നേഹമാർന്ന മടിതട്ടിൽ കിടന്നുറങ്ങഇയതവളരിഞ്ഞില്ല.

സ്നേഹം അതു വലിയ ബംഗ്രാവിലോ പണത്തിലോ അല്ല ലഭിക്കുക. ചെറിയൊരു ഹൃദയം മറ്റുള്ളവർക്കായി നൽകാനുണ്ടെങ്കിൽ അവിടെയാണ് വലിയ സ്നേഹക്കൂമ്പാരം. സ്നേഹത്തിന് അളവില്ല. നീരുവിന്റെ ജീവിതത്തിൽ അവൾ സ്നേഹം തേടുകയായിരുന്നു. മഞ്ഞ അലരിയ്ക്ക് താഴെയുള്ള ഓടിട്ട വീട്ടിൽ അവൾ തന്റെ സ്നേഹത്തെ കണ്ടെത്തി. നിരഞ്ജനയുടെ സ്നേഹം തേടിയുള്ള യാത്ര സഫലമായി.

-സൽമ ഷെറിൻ പി.വി 9L

# ബാല്യം

കാറ്റിന്റെ ഈണത്തിനൊത്ത് മഴ പാടുമ്പോൾ
ചീറി കിതച്ചോടിക്കുമ്പോൾ വടിയുമാ-
യെത്തുന്ന അമ്മയെ കണ്ടാൽ
ഉമ്മറത്തിണ്ണയിൽ ചാരുകസേരയിൽ-
കഥ ഓതിക്കൊടുക്കുന്ന അച്ഛനരികിലെത്തീ-
ടുന്നു ഞാൻ
ഇങ്ങനെയുള്ള സുന്ദരമായ ഓർമ്മക-
ളൊഴുകുന്ന പുസ്തകമാണീ ബാല്യം.
നിലാവിൽ വെളിച്ചത്തിൽ വാരി-
ത്തരുന്ന മാമു കഴിക്കാൻ
അടവുകൾ പലതായി മാറിമാറിയിട്ടും
വായതുറക്കില്ല ഒട്ടുമേ ഞാൻ
ഓണത്തിനെത്തുന്ന തുമ്പിയുടെ
പിന്നാലെ ഓടിക്കളിക്കുന്ന ബാല്യം
ചിറകില്ലാഎന്നറിയുംംവരെയും
പറക്കാൻ കൊതിക്കുന്ന ബാല്യം
വിരിയുന്ന പൂവിനെ തൊട്ടുതലോടാതെ
കടപുഴകിയെടുക്കുന്ന പ്രായം.
കൂട്ടിനായേട്ടനെ കിട്ടുന്ന സമയത്ത്
കുസൃതിയുമായി ഞാനെത്തീടും

-സൂര്യ നാരായണൻ 7G

# മഞ്ഞ അലരിയ്ക്ക് താഴെ ഒരു ഓടിട്ട വീട്

മഞ്ഞ അലരിയ്ക്ക് താഴെ ഒരു ഓടിട്ട വീട്ടിൽ രാമനെന്നും ഭദ്രനെന്നും പേരുള്ള രണ്ടു ജ്യേഷ്ഠന്മാർ താമസിച്ചിരുന്നു. അവരുടെ വീടിനു സമീപം ഒരു വലിയ പാടമുണ്ട്. അവിടെ രാമൻ പാട്ടത്തിനെടുത്തു കൃഷി ചെയ്യുന്നു. കിഴങ്ങായിരുന്നു കൃഷി ചെയ്തിരുന്നത്.

രാമന്റെയും ഭദ്രന്റെയും അച്ഛനമ്മമാർ ഭദ്രൻ കുഞ്ഞായിരിക്കുമ്പോഴാണ് മരിച്ചത്. പണ്ടൊരിക്കൽ പാടത്ത് വിള കൊയ്യുന്നതിനിടെയാണ് മരിച്ചത്. പെട്ടെന്ന് രണ്ടുപേർക്കും ശക്തമായ ഇടിമിന്നലേറ്റു. രാമന് അന്ന 18 വയസ്സായിരുന്നു. ഭദ്രനെ ഏറെ വൈകിയാണ് അവർക്കുണ്ടായത്. ഭദ്രൻ ജനിച്ചിട്ട് അന്നേക്ക് ഒരു വർഷം തികയുന്നുണ്ടായിരുന്നുള്ളൂ. അതിനുമുമ്പ് രാമൻ അവന്റെ മാതാപിതാക്കളെ കൃഷി ചെയ്യാൻ സഹായിച്ചിരുന്നു. എന്നാൽ അന്ന് ഇടിവെട്ടേൽക്കുന്ന സമയത്ത് രാമൻ ഭദ്രനെനോക്കിക്കൊണ്ട് വീട്ടിനുള്ളിൽ ആയിരുന്നു. ഭദ്രൻ കരഞ്ഞപ്പോൾ രാമൻ വീട്ടിനുള്ളിലെ ജനാല തുറന്ന് അച്ഛനും അമ്മയോയും കാണിച്ചുകൊടുത്ത് സന്തോഷിപ്പിച്ചു. കുറച്ചുകഴിഞ്ഞാൽ കുട്ടനെ കാണാൻ അവർ വരുമെന്നു പറഞ്ഞു. ഇതുപറഞ്ഞു ഒരു നിമിഷമായപ്പോഴേക്കും രാമൻ നോക്കിനിൽക്കേ ഇടിവെട്ടേറ്റു താഴെ വീണു. ആ രംഗം രാമന്റെ ഉള്ളിൽ എന്നും ഒരു നീറ്റലായിരുന്നു. അന്നതൊക്കെകഴിഞ്ഞപ്പോൾ പതിനൊന്നു വർഷമായി രാമൻ ഭദ്രനെ ലാളിച്ചാണ് വളർത്തിയത്. രാമൻ ഒരിക്കൽപ്പോലും പാടത്ത് പണിയെടുക്കാൻ ഭദ്രനെ അയച്ചിരുന്നില്ല. ഭദ്രൻ നല്ലവണ്ണം പഠിച്ചിരുന്നു. അവൻ പഠിക്കുന്ന കോളേജ് വീട്ടിൽനിന്നും പന്ത്രണ്ട് നാഴിക അപ്പുറത്താണ്. വളരെയധികമ കഷ്ടപ്പെട്ടാണ് ഭദ്രൻ പഠിക്കാൻ പോയിരുന്നത്. രാമൻ കഠിനാധ്വാനം ചെയ്യുന്ന പണംകൊണ്ടാണ് ഭദ്രന്റെ പഠനം ഭംഗിയായി കടന്നുപോകുന്നത്. രാമന് വിദ്യാഭ്യാസമില്ല. എന്നാൽ തന്റെ അനിയൻ നന്നായി പഠിച്ച് നല്ല നിലയിലാകണം എന്നവൻ ആഗ്രഹിച്ചു.

ഇന്നു നല്ല മഴയാണല്ലോ. ഭദ്രൻ പാടത്തുനിന്നും നനഞ്ഞൊലിച്ചുവന്ന ജ്യേഷ്ഠനോട് ചോദിച്ചു. അരെ രാമനും പറഞ്ഞു. ഭദ്രന് അന്ന ഉച്ചവരെ ക്ലാസുണ്ടായിരുന്നുള്ളൂ. അതിശക്തമായ മഴയും കാറ്റും ഉള്ളതുകൊണ്ടായിരുന്നു. ഭദ്രൻ തന്റെ ചേട്ടൻ്റെ തലതോർത്തിക്കൊടുത്തു. ഭദ്രന്റെ സ്നേഹം കണ്ട് രാമൻ പറഞ്ഞു വേണ്ട കുട്ടാ, കുട്ടൻ പോയിരുന്ന് പഠിക്കൂ. ശരി ചേട്ടാ, എന്നാൽ ഞാൻ ചെട്ടന്റെ തല തോർത്തിയിട്ട് പഠിച്ചോളാം. എന്ന് പറഞ്ഞു. അങ്ങനെ ആ ദിവസം നല്ല മഴയായിരുന്നു. നല്ല മഴയായതിനാൽതന്നെ രാമന് കഴിക്കാനൊന്നും വാങ്ങാൻ പറ്റിയിരുന്നില്ല. ഭദ്രന് നല്ല വിശപ്പുണ്ടായിരുന്നെങ്കിലും എനിക്കൊട്ടും വിശപ്പില്ലേട്ടാ എന്ന് പറഞ്ഞ് സമാധാനിപ്പിച്ചു. എന്നാൽ രാമനുണ്ടോ വെറുതെയിരിക്കുന്നു അവൻ ഒരു വാഴയിലവെട്ടി കടയിൽ പോയി. ഭദ്രൻ കുറേപ്രാവശ്യം വേണ്ട, വേണ്ട എന്നു പറഞ്ഞുനോക്കിയെങ്കിലും രാമൻ അതിനു കൂട്ടാക്കിയില്ല. എന്നാൽ രാമൻ തിരിച്ചുവരുമ്പോൾ രാമന്റെ കൈയ്യിൽ നിന്നും വെള്ളത്തോടെപ്പം ചോരയും ഒഴുകുന്നുണ്ടായിരുന്നു. ഭദ്രന് പേടിയായി. ഭദ്രൻ വേഗം ഒരു തുണി കൊണ്ടുവന്ന് അത് കെട്ടിക്കൊടുത്തു. പാവം രാമൻ. അവന് നല്ലവണ്ണം വേദനിക്കുന്നുണ്ടെങ്കിലും അവനത് പുറത്തുകാണിക്കാതെ മറ്റേ

കൈയ്യിലുണ്ടായിരുന്ന ഭക്ഷണപ്പൊതി ഭദ്രനു നേരേ നീട്ടി. അവൻ അത് കഴിക്കുന്നതിനോടൊപ്പം രാമനും വാരിക്കൊടുത്തു. പിറ്റേ ദിവസമായപ്പോൾ രാമനൊന്നു കൈകൾ പൊക്കുവാൻ കൂടി കഴിഞ്ഞില്ല. ഭദ്രന് അന്ന് കോളേജിൽ പോയില്ല. നീപോടാകുട്ടാ എന്ന് രാമൻ പറഞ്ഞുവെങ്കിലും ഏട്ടൻ ഇവിടെ ഒറ്റയ്ക്കാണെന്നും ഞാൻ പോയാൽ ഏട്ടൻ ഭക്ഷണം എടുത്തുതരാൻ ആരുമില്ല എന്നു പറഞ്ഞു. അങ്ങനെ ഒരു പത്തു ദിവസം കഴിഞ്ഞപ്പോൾ രാമനു കുറച്ചു ഭേദം തോന്നി. ഇക്കഴിഞ്ഞ ദിവസമെല്ലാം ഭദ്രന് പട്ടിണിയായിരുന്നു. അതിനിടയിൽ കുറച്ചു ദിവസം അവരുടെ അയൽപ്പക്കത്ത് താമസിക്കുന്നവർ അവന് ഭക്ഷണം കൊടുത്തിരുന്നു. എല്ലാം കഴിഞ്ഞ് രാമന് ഭേദം തോന്നിയെങ്കിലും മഴയ്ക്കൊട്ടും ശമനം ഉണ്ടായിരുന്നില്ല. രാമന് ഭേദം തോന്നിയപ്പോൾ നീയിനി കോളേജിലേക്ക് പൊയ്ക്കോ എന്നു പറഞ്ഞു. അങ്ങനെ ഭദ്രൻ വീണ്ടും കോളേജിലേക്ക് പോയി. അങ്ങനെ ഭദ്രന്റെ കോളേജിലെ പരീക്ഷകൾ ആരംഭിച്ചു. ഭദ്രൻ പോകാത്ത ദിവസങ്ങലിലെ ക്ലാസുകൾ അവൻ കൂട്ടുകാരോടും അധ്യാപകരോടും ചോദിച്ചു മനസ്സിലാക്കി. നന്നായി പഠിച്ചു പരീക്ഷ എഴുതി. അങ്ങനെ ഭദ്രന് വെക്കേഷൻ ആയി. ഭദ്രന് നല്ലവണ്ണം പഠിപ്പിക്കാൻ അറിയാം. അവൻ ആ പ്രദേശത്തെ കുട്ടികൾക്ക് ട്യൂഷൻ എടുത്തു. അങ്ങനെ അവൻ വെക്കേഷൻ സമയത്ത് വെറുതേ ഇരിക്കാതെ സ്വയം ഒരു വരുമാനമാർഗ്ഗം കണ്ടെത്തി. ദിവസങ്ങൾ പിന്നിട്ടു. അവന്റെ റിസൾട്ട് വന്നു. അവനായിരുന്നു ഒന്നാം റാങ്ക്. രാമന് വലിയ സന്തോഷമായി രാമൻ കഷ്ടപ്പെട്ടതിന് അർത്ഥമായി

ഭദ്രന് ഒരു കളക്ടർ ആവാനാണ് ആഗ്രഹം. അവന്റെ ആഗ്രഹം പോലെ രാമൻ അവനെ ഐ.എ.എസ് കോച്ചിങ്ങിനു വിടണമെന്നാഗ്രഹിച്ചു. പക്ഷേ അതിന് നല്ല പണം ചിലവാക്കണം. ഭദ്രൻ പറഞ്ഞു ഏട്ടാ എന്നെ ഒരു കോട്ടിങ്ഹിനും വിടണ്ട. ഞാൻ വീട്ടിലിരുന്നു പഠിക്കാം എനിക്കതിനുവേണ്ടി പഠിക്കാനുള്ള കുറച്ചു പുസ്തകങ്ങളും പിന്നെ ദിനപത്രവും ഏർപ്പാടാക്കിത്തന്നാൽമതിയെന്നു പറഞ്ഞു. ഭദ്രൻ വെക്കേഷൻ സമയത്ത് ട്യൂഷൻ എടുത്ത വരുമാനം അവൻ ഒരു ചിട്ടിക്കമ്പനിയിൽ നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. പിന്നെ ഏട്ടൻ അറിയാതെ ചില ചെറിയ ചെറിയ ജോലികൾ ചെയ്തിരുന്നു. ശാപ്പാടു ഹോട്ടലുകളിൽ ഭക്ഷണം വിതരണംചെയ്യുന്ന ആളായും കൂലിപ്പണിക്കാരനായും അങ്ങനെ അവൻ ഒരു വലിയ തുകതന്നെ ഉണ്ടാക്കിയിരുന്നു. അതവൻ അവന്റെ ഏട്ടനു കൈമാറി. ട്യൂഷൻ എടുത്തതു ഏട്ടനറിയാം. അതുകൊണ്ട്തന്നെ ഈ പണം എവിടെനിന്നാണെന്ന് രാമൻ ചോദിച്ചില്ല. അനിയന്റെ ആഗ്രഹപ്രകാരം രാമൻ എല്ലാം ചെയ്തുകൊടുത്തു. ഭദ്രൻ വീട്ടിലിരുന്നു നന്നായി പഠിച്ചു. ഐ.എ.എസിന്റെ എല്ലാഘട്ടങ്ങളും അവസാനിച്ചു. എല്ലാഘട്ടങ്ങളിലും ഭദ്രനായിരുന്നു ഒന്നാമൻ. അവസാനഘട്ടമായ ഇന്റർവ്യൂവിൽ നല്ലൊരു പ്രകടനം കാഴ്ചവെച്ചു. ഭദ്രൻ ഒന്നാംറാങ്ക് കരസ്ഥമാക്കി കളക്ടറായി. ഒരു സ്റ്റേജ് പ്രോഗ്രാമിൽ അവൻ ഏട്ടനെയും കൊണ്ടുപോയിരുന്നു. സ്റ്റേജിൽ പ്രസംഗിച്ചു. എൻ്റെ ഏട്ടനാണെന്റെ എല്ലാം, കഷ്ട്പെട്ടധ്വാനിച്ചു അദ്ദേഹം എന്നെ ഈ നിലവരെ എത്തിച്ചു. എനിക്ക് എന്റെ ഏട്ടനോട് വളരെയധികം നന്ദിയുണ്ട്. ആ സമയം രാമൻ സ്റ്റേജിന്റെ മുമ്പിൽ ഒരു മൂലയിൽ ഇരിക്കുകയായിരുന്നു. ഭദ്രൻ രാമനെനോക്കിക്കൊണ്ട് പറഞ്ഞു നിങ്ങളുടെ ഇടയിൽ സാധാരണവേഷത്തിൽ ഇരിക്കുന്ന എന്റെ ഏട്ടൻ അതാണ്. ഭദ്രൻ രാമനെ ചൂണ്ടക്കാണിച്ചു. എല്ലാവരും രാമനെ പ്രശംസിച്ചു. സ്റ്റേജിൽ

ഉണ്ടായിരുന്ന മറ്റു അഥിതികൾ രാമനെ സ്റ്റേജിലേക്ക് ക്ഷണിച്ചു. രാമന് കൈകൊടുത്തു. കൂടെ ഒരു ചോദ്യവും നിങ്ങളുടെ അനിയൻ ഈ നിലയിലായതിനുപിന്നിലുള്ള കഥ പറയാമോയെന്ന്. രാമൻ കഥ പറഞ്ഞുതുടങ്ങി. എല്ലാവരും സിശബ്ദരായി ചെവി കൂർപ്പിച്ചു. മഞ്ഞ അലരിയ്ക്ക താഴെ ഒരു ചെറിയ ഓടിട്ട വീട്.......................

-സാന്ദ്ര കെ.ബി

# സ്മൃതി

കാലമരുളിയരുളി ഒവുകി ഓളങ്ങൾ
താണ്ടിയ ദിനങ്ങൾതൻ ഓർമ്മകൾ
ഇന്നൊരു തോരാ മഴയിൽ വന്ന്
ആഞ്ഞടിച്ചു കുളിർപ്പികുന്നു.
പുഞ്ചിരി തൂകി കൈക്കുമ്പിളിൽ
അമർത്തയവരെല്ലാം ഇന്നു കാണാ-
മറയത്തെ കനവായി സ്വപ്നങ്ങളിൽ
വന്ന് മുട്ടി ഉണർത്തുന്നു.
പിരിയില്ലെന്നു പറഞ്ഞു പിന്തുടർന്ന
സൗഹൃദങ്ങൾതൻ സുഗന്ധം എന്തെ
ഇന്നും നിത്യേ എന്നെ വന്നലട്ടുന്നു
കാൽ നൂറ്റാണ്ടിന്റെ പഴക്കം ചേർന്ന
ഓർമ്മകൾക്കിന്ന് വിരിയുന്ന പൂമൊട്ടിൽ
പുതുമയാകാൻ കഴിയുന്നു
പുലരിതൻ മൗനത്തിൽ വെമ്പി
കലാലയത്തിൻ മാധുര്യം ഇഴനെയ്തു
ഒരു മാളിക പണിയാൻ തുളുമ്പി
സ്ഥിരമായി ചൊല്ലാറുള്ള പല്ലവികൾക്കെന്തെ?
ഇന്ന് സ്ഥിരമായി ശമനം
ജീവിതമാകുന്ന ഓർമ്മകളെ ഹൃദയത്തിൽ
താഴ്വരകളിൽ കുറിച്ചിട്ടിരിക്കുന്ന
ഇപ്രകാരം മായത്തവയായി.

- പാർവണ എ പ്രമോദ് 10G

# മഞ്ഞ അലരിയ്ക്ക് താഴെ ഒരു ഓടിട്ട വീട്

ഒരു നാൾ എങ്ങും നല്ല മഴയായിരുന്നു. അന്ന് തന്നെ അതേ നാട്ടിലെ എറ്റവും വലിയ പൂരം നടക്കുന്ന ദിവസമായിരുന്നു. ആ നാട്ടിലെ ജനങ്ങൾ സന്തോഷത്തോടെ ആഘോഷിക്കുന്ന പൂരങ്ങളുടെ പൂരമായ പൂരം. ആ നാട്ടിലെ ഓരോരുത്തരും മതിമറന്നിരിക്കുന്ന പൂരം.

അവിടെ ഒരു സാധു വീട്ടിൽ കൃഷ്ണഭക്തിയോടെ താമസിക്കുന്ന മായ എന്ന പെൺകുട്ടി ഉണ്ടായിരുന്നു. അവൾ അതീവ സുന്ദരിയായിരുന്നു. അവളും എല്ലാവരേയുംപോലെ പൂരം കാണാൻ പോയി. അവളുടെ സ്വർണ്ണത്തിന്റെ മാലയും വളയുമെല്ലാം മറ്റാളുകളെ ആകർഷിച്ചു. പൂരത്തിനു വന്ന കുറച്ചു ദുഷ്ടരായ ആളുകൾ അവളുടെ മാലയും വളയുമൊക്കെ മോഷ്ടിക്കാൻ പദ്ധതിയിട്ടു. അവർ അവളുടെ പുറകേ പോയിനിന്നു. മായ കുറച്ചുകഴിഞ്ഞപ്പോഴാണ് മനസ്സിലാക്കിയത് അവളെ ഇവർ പിന്തുടരുന്നുണ്ടെന്ന്. അവൾക്ക ഭയമായി. ആ പ്രദേശം മൊത്തത്തിൽ ചെടിവള്ളികൾകൊണ്ട് മൂടിയിട്ടുള്ളതിനാൽ അവൾ ആ കാട്ടിലേക്ക് ഓടി. അവിടെ എങ്ങും കൂരാകൂരിരുട്ടും അരുണനസ്തമിച്ചതുമായ സമയം അവൾ പേടിയോടെ വിറച്ചു. പെട്ടെന്ന് ഈ ദുഷ്ടർ അവളെ വളഞ്ഞിട്ടാക്രമിച്ചു.

അപ്പോൾ ആ കൂരാകൂരിരുട്ട് നിറഞ്ഞ വനത്തിൽ പെട്ടെന്ന് ഒരു ഐശ്വര്യം നിറഞ്ഞ വെളിച്ചം അവിടെ ആകസ്മികമായ എന്തോ ഒരു ശക്തി ആ വനത്തിലുള്ളതുപോലെ തോന്നി. ആ ദുഷ്ടർക്കു നേരെ ഒരു മനുഷ്യനും അയാളുടെ ഒരു ദേഷ്യാന്മുഖത്തിൽ കുരച്ചുകൊണ്ടിരിക്കുന്ന നായയും അലഴെ ദുഷ്ടന്മാരുടെ കൈയ്യിൽ നിന്നും രക്ഷിച്ചു. അപ്പോൾ അയാൾ അവൾക്കൊരു വീടിന്റെ അഡ്രസ്സ് കൊടുത്തു പെട്ടെന്ന് തന്നെ മറഞ്ഞുപോയി.

അവൾ ആ കാട്ടിൽ സൂര്യകിരണങ്ങൾക്ക് വേണ്ടി കാത്തു. സൂര്യൻ എത്തിയപ്പോൾ അവളുടെ കൈയ്യിലുണ്ടായിരുന്ന ആ അഡ്രസ്സ് നോക്കി. തന്നെ ദുഷ്ടരുടെ കൈകളിൽ നിന്നും രക്ഷിച്ച ദൈവത്തിനു സമാനമായ ആളെ കാണാൻ മായ ആകാംക്ഷധരിതയായി.

അവൾ ആ അഡ്രസ്സിലുള്ള വീടന്വേഷിച്ചു നടന്നു. ആ അഡ്രസ്സിലുണ്ടായിരുന്ന മഞ്ഞ അലരിയ്ക്ക് താഴെ ഒരു ഓടിട്ട വീട് എന്ന അഡ്രസ്സിലുണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ ഒരു കൃഷ്ണഭഗവാന്റെ ക്ഷേത്രമായിരുന്നു. അവൾ അമ്പരന്നു മനസ്സിലാക്കി തന്നെ രക്ഷിച്ചത് ഭഗവാൻ കൃഷ്ണനായിരുന്നുവെന്ന്

-ശീതൾ പി 8I

# ഇനിയാമുഖമെന്നിൽ  സമൃതിയായി

ഞാനെൻ നിദ്രയിൽ കഴിഞ്ഞിടും നേരം
അരുണനാം വെളിച്ചം എൻമിഴിയിൽ നിറഞ്ഞു
ജാലകം തുറന്നു ഞാൻ നോക്കും നേരം
അങ്കണത്തിലെൻ ജനനനിയെ കണ്ടു.
അന്നേരെ തിരിച്ചറിഞ്ഞു ഞാന
തെൻ തോന്നലുകൾ മാത്രമായിരുന്നു
എന്നമ്മതൻ അഭാവം ഞാനറിഞ്ഞിടുമ്പോൾ
വിങ്ങുന്നു എൻ മനം
എൻ ചുറ്റുമാം വിളക്കുകൾക്കെന്തോ
മങ്ങലുകൾ മാത്രമായി മാറി
അമ്മയാം റാന്തലെൻ
ജീവിതത്തിൽനിന്നുമെന്നേക്കുമായി
നഷ്ടമാം നിമിഷത്തിലെന്നിലെ-
ന്നമതൻ വെളിച്ചം കെട്ടുപോയി.
ഇന്നുമെന്നമ്മയെൻ ജീവിതമാം
പുസ്തകതാളുതളിൽ ഓർമ്മയായി.
എൻ ചുറ്റുമെങ്ങും നോക്കും നിമിഷമെന്നമ്മ-
തെൻ അഭാവം തീരാനോവുമാത്രമായെന്നിൽ
എന്നിലിനിയില്ലാ പൂമുഖം എന്നും
സ്മൃതിക്ക് എൻ നെഞ്ചിലാ വദനം.
അമ്മതൻ സ്നേഹം ഇനിയെന്നില്ലില്ലെന്നറിഞ്ഞിട്ടും
കൊതിച്ചിടുന്നെൻമനമാതൃത്വത്തിന്

-സൽമാ ഷെറിൻ പി.വി 9L

# മഞ്ഞ അലരിയ്ക്ക് താഴെ ഒരു ഓടിട്ട വീട്

ദാരിദ്രം നെറുകയിൽ വന്നു തലോടുമ്പോഴും ജീവിതത്തെ ഒരു അലരി പൂവിന്റെ പ്രകാശത്തോടെ കണ്ടു വന്നവരാണ് ജാനുവും അവളുടെ അമ്മയും. ചോരാറായിത്തീർന്ന ഓടിട്ട പുരയിൽ പാർക്കുംനേരത്തും വീടിന്റെ പിന്നിൽ പ്രകാശം പരത്തുന്ന അലരി പൂവിനെ ജാനുവും അമ്മയും നിത്യവും പരിപാലിക്കാറുണ്ടായിരുന്നു. ഓരോ പൂവ് മൊട്ടിട്ട് വരുമ്പോഴും പുഞ്ചിരിയുടെ തൂവൽ ജാനുവിന്റെ മുഖത്ത് കാണാമായിരുന്നു. വർഷകാലത്തിലെ തീരാ മഴയിൽ ഇരുവരും ആ കുഞ്ഞു ചോർന്നൊലിക്കുന്ന പട്ടിണികിടക്കയിലാണ്. പലിശകാരും നാട്ടുകാരും നിത്യേനവീട് സന്ദർശിച്ചു. ഇരുവരെയും പടിയിറക്കാനുള്ള ശ്രമങ്ങൾ നടത്തും. തന്റെ ഭർത്താവിന്റെ തീരാ നോവിൽ ജീവിതം നയിക്കാൻ കൂലിക്കുപോകുന്ന അവൾക്ക് ആരുമൊരു ശ്രദ്ധനൽകിയില്ല. ഒരിക്കൽ ജാനു അമ്മയോട് പറഞ്ഞു അമ്മേ എനിക്കേ നമ്മുടെ അലരിയില്ലേ. അവളെ വീടിന്റെ അകത്ത് വളർത്താൻ ഒരു ആഗ്രഹം ഞാൻ ചെയ്തോട്ടെ അമ്മേ അവൾ ചോദിച്ചു. അമ്മ പറഞ്ഞു കുഞ്ഞേ അത് വേണ്ട അതിന് സൂര്യപ്രകാശവും ജലവുമെല്ലാം ആവശ്യമില്ലേ അത് അവിടെ വളരട്ടെ. ദിവസങ്ങൾ കഴിഞ്ഞു ഒരു ഓണക്കാലമെത്തി. അലരിയിലെ പൂക്കൾ മാധുരതയോടെ വിരിഞ്ഞുവരുന്നത് കണ്ടിരിക്കുന്ന ജാനുവും അമ്മയും ജീവിതത്തിലെ പുത്തൻ പ്രതീക്ഷകളെ മനസ്സിൽ ആവാഹിച്ചു. ഓണം സമൃദ്ധിയുടേയും സ്നേഹത്തിന്റെയുമെല്ലാം പ്രതീകമാണ്. ഓണത്തിന് മുൻപ്തന്നെ അലരി പൊഴിയാറായിരുന്നു. സൂര്യ പ്രകാശത്തിന്റെ മാറോട് സ്വയം കത്തിയെരിയാൻ തയ്യാറായവളെപ്പോലെ അലരി മഞ്ഞ വസ്ത്രമണിഞ്ഞങ്ങനെ നിൽക്കുന്നു. ജീവിക്കാൻ മാർഗമില്ലാത്ത അവരിൽ ഓരോ ഉദയവും സൃഷ്ടിച്ചു. നഗരത്തിന്റെ കേന്ദ്രത്തിലായിയൊരു കുഞ്ഞു ഓലപ്പീടിക കെട്ടിക്കൊണ്ട് ജാനുവുമ അമ്മയും ജീവിതത്തിലേക്കുള്ള പ്രകാശത്തെ നേരിൽ കണ്ടു. ആദ്യ ദിവസം പൂക്കൾ വിറ്റുപോയില്ല. പതിയേ പതിയേ നന്മയേറിയചിലർ അതൊരു പൂ മാത്രമല്ല അമ്മയുടേയും മകളുടേയും ജീവിതമാണെന്ന മട്ടിൽ കരുതി. അന്ന് അന്ന് കഴിയാനുള്ള വരുമാനം ലഭിച്ചിരുന്നു. നാലുമണിക്ക് നീലകുപ്പായമിട്ട് അമ്മയുടെ അരികിലേക്ക് ഓടിവരുന്ന ജാനുവിനെ ആളുകൾ ഒരു പ്രകാശമായി കണ്ടു. ഒരിക്കൽ ഒരു സ്ത്രീ പൂക്കടയിൽ കയറി അവളോട് പേരുമ്യം വിലാ.വുമെല്ലാം അന്വേഷിച്ചു. സ്ത്രീയൊരു പണക്കാരിയായിരുന്നു. ലക്ഷങ്ങളുടെ ആസ്ഥിയുള്ളവൾ. ഓടിട്ട വീടും അവരുടെ അവസ്ഥയും അവളെ സ്വാധിനിച്ചു. ജീവിതത്തിനായി ഒരു കുഞ്ഞുമാർഗ്ഗം അവർക്ക് അവളിലൂടെ ലഭിച്ചു. ജാനുവിന് ഉയർന്ന വിദ്യാഭ്യാസവും സമൂഹത്തിലൊരു അംഗീകാരവും ലഭിച്ചു. കാലങ്ങളും കാര്യങ്ങളുമെല്ലാം കാറ്റായി മഞ്ഞു. വൃദ്ധയായ ജാനുവിന്റെ മാതാവും അവളും മാസത്തിലൊരുനാൾ എങ്കിലും ആ കുഞ്ഞുഓടിട്ട പുരയുടെ മുറ്റത്ത് വന്നിരുന്ന ജീവിതത്തെക്കുറിച്ച് എണ്ണിപ്പറക്കും. എന്നാൽ അവർക്കറിയില്ലായിരുന്നു അന്നത്തെ അലരിയാണ് ഇന്നത്തെ അവരുടെ ജീവവിതം. അലരിയുടെ അംശങ്ങൾ വീടിന്റെ നാനാസ്ഥലത്തും പൊഴിഞ്ഞുകിടക്കാറുണ്ട്. മുറ്റത്ത് മഞ്ഞ പായ വിരിച്ച് സുകൃതയോടെ അന്നും ഇന്നും അലരി ആകാശത്തേക്ക് ഉറ്റുനോക്കുമായിരുന്നു എന്ന് ജാനു അമ്മയോട്

പറഞ്ഞു. ഉയരത്തിൽ സ്വപ്നം കാണുവാൻ അതിയായ മോഹമാണ് അവരെ തല താഴ്ത്തുവാൻ അനുവദിക്കാത്തതെന്ന് അമ്മ അവളോട് പറയും. ജാനുവിന്റെ അമ്മ അന്നത്തെക്കാലത്തെ മഴയെയും അളരിയെയും ഓർത്ത് സ്മരിച്ചു. ആ പൂക്കൾ എനിക്കായി പിറന്നാതാണോ?..... ചിന്തകൾ ആഴത്തിലുള്ളതുപോലാകുമ്പോൾ ചിന്താശേഷി വർധിക്കുന്നതുപോലെ.... ഓരോന്ന് ചിന്തിച്ചു. എന്റെ അമ്മ എനിക്കായി ജജീവിച്ചതുപോലെ ഞാൻ ജാനുവിനായി ജീവിച്ചതുപോലെ അലരി ലോകത്തിനായി ജീവിക്കുന്നു. ഒന്നിനു മാത്രമായിയല്ല. സർവ്വതിനുമായി. മരണത്തോട് മല്ലിടുമ്പോൾ അവൾ പറഞ്ഞു. എന്നെ നമ്മുടെ പഴയ പുരേടെ അലരീടെ ഇപ്പർത്തായി അടക്കണേ ജാനു. എന്നാ എനിക്ക് അലഴേം കണ്ട് കിടക്കാലോ. കാലം പ്രവാഹിച്ചതുപോലെ ജീവിതം ഒഴുകി. ജാനുവിനായി മാത്രമല്ല നിരവധി അമ്മയ്ക്കും ജാനുവിനായും. സസ്യങ്ങൾക്ക് ചിലപ്പോഴെല്ലാം മനുഷ്യന്റെ മനസ്സാണ്. അതങ്ങനെ പൂത്ത് പൂത്ത് പടരും. തമ്മിൽ ഇണങ്ങിയും ഇണക്കിയും ദാരിദ്രത്തിൻ കൈചേർത്തു പിടിച്ചുമെല്ലാം അലരി എന്നതു കേവലം പൂവല്ല എന്നത് തലമുറകളുടെ മുൻപിൽ തെളിച്ചു നൽകിയിരിക്കുന്നു ജീവതങ്ങൾ. ജാനുവിന്റെ സസ്യസ്നേഹം അവളിലൊരു പ്രകൃതി സ്നേഹത്തിന്റെ തുടക്കത്തിനിടയാക്കി. സാമൂഹ്യ സേവനങ്ങളിൽ പങ്കാളിയാകുവാനും നന്മകൾക്കൊരു തുടക്കമായി ഭാവിച്ചും അലരിയുടെ പ്രകാശത്തോടെ ചെറുത്തു നിൽക്കുന്ന ഓടിട്ട വീട്.

# CLIMATE CHANGE AND ITS EFFECTS

Climate change is a current problem which affect all of mankind. The climate change due to many natural factors such as revolution of earth, depletion in ozone layer etc. The other factors which causes sudden and unexpected climate change is the action of humans against nature. Due to unnatural actions the climate become unstable and independable. There are many discussions and meetings to solve this issue, even United Nations Organisation have taken the unstable change of climate in to consideration. The famous actor of the film Titanic 'Leonardo Dicaprio' had a speech on this topic and he says ' climate change is not misteria, it is a fact'

What are the action that affect climate change adversely?

Factors of man affecting climate change:-

- Deforestation
- Expelsion of carbon dioxide gas from vehicles ,industries and factories.
- destruction of wild life
- Green house effect of green house gases.
- Pollution of air and water.

Climate has lost its stability and is changing extremely fast' .This causes many disasters in everyday life. The rapid change in climate affect the world in many ways.

EFFECT OF CLIMATIC CHANGE:-

- Global warming-

Global warming is the condition in which the temperature of the earth increases from the regular level of heat. The temperature increases gradually by the activities of mankind. Global warming results in the melting of polar ice, snow and mountain which results in the increase of sea water. The place which are on the sea level gets below the sea level and those places are effected by flood in a disaster way. The increase in heat also causes dehydration in one's body and make the living beings of this planet vulnerable to sun related diseases.

- Agricultural loss:-

Agriculture has a strict time period to every stages. The time and the climate for certain crops are selected. But in the proper change of seasons are disturbed, it may result in huge crop failure and loss. Agricultural field has been faced and is facing the most disasters when it comes to climate and season. The disturbed flow of seasons make the agricultural industry unstable and this will result in famine.

- Natural disaster:-

The climate change also allows and boosts the occurrence of natural disasters. Climate change plays a major role in the affects of disasters such as flood, landslide, drought etc. Flood is caused by the melting of polar ice and immerse in sea level due to heavy rain. Drought is caused when it don't rain for a long period of time and it remain sunny and hot. Global warming also plays an important role in the occurrence of drought. Landslide is also caused by the immerse in rain

The climate change is not a small problem any more. It is already time to stop the activities which result in climatic change and find a solution to end it before it is all over. The climate of a place must be maintained in order for a smooth life on this planet for future generations

Solutions to stop climatic change

- Decrease use of fossil fuels used in vehicles.
- Decrease the carbon emission by reducing of burning of bio degrable components
- Stopping deforestation and start reforestation to re biuld forests by planting trees.
- Reduce the use of green house gases

We all know how to stop the problem with the world and to make it a good planet. But no one is willing to do it. If life is to be maintained on the planet human should know that co-operation of all humans can make this place better to live on. We are not only ones to live on this planet. Future also live on this planets happily. Climate change and it affects can be neutralised by working together

- Vyshanth Vinod 10G

# ആകാശത്തുനിന്നുള്ള  പൊൻതുള്ളികൾ

അമ്മേ നല്ല മഴ എനിക്കു തണുക്കുന്നു. അപ്പു വിളിച്ചു പറയുകയാണ്. മോനെ കുറച്ചു നേരം കാത്തു നിൽക്കൂ മഴ പൊയ്ക്കോളും. അമ്മ പറഞ്ഞു. അപ്പു മുറ്റത്തേക്കിറങ്ങി. മഴയേ നീ പോകൂ രണ്ടാംക്ലാസുകാരനായ എനിക്ക് നിന്നെ പ്രതിരോധിക്കാനുള്ള ശക്തിയില്ല. നീ പോയ ശേഷം വേണം എനിക്ക് കളിക്കാൻ പോകാൻ. അമ്മ മുറ്റത്തേയ്ക്ക് വന്നു. മോനെ നീയെന്താണ് മഴയോട് പറയുന്നത്. അമ്മ ചോദിച്ചു. അമ്മേ ഈ മഴ പോകുന്നില്ല. പോയിട്ട് വേണം എനിക്ക് കളിക്കാൻ. മകൻ പറഞ്ഞു. മോനെ മഴ പ്രകൃതിയിലെ വിസ്മയമാണ്. അകിനോട് നീ പോകാൻ പറയരുത്. അമ്മ പറഞ്ഞു. അമ്മേ എന്റെയും മറ്റുള്ളവരുടേയും പണിമുടക്കുന്ന ഇവൻ നല്ലവനല്ല. അവൻ പറഞ്ഞു. മോനെ അത് നമ്മുടെ പണിമുടക്കുകയല്ല. നമുക്ക് വെള്ളം തരുകയാണ്. അവർ സംസാരിച്ച് നിന്നപ്പോൾ പെട്ടെന്ന് മഴ പോയത് അവർ അറിഞ്ഞില്ല. അപ്പു കളിക്കാൻ ഇറങ്ങി. അവൻ കളിക്കാൻ പാടത്തോട്ട് പോയി. വീട്ടിൽ നിന്ന് പാടത്തോട്ട് രണ്ടുമൈൽ നടന്നത് അറിഞ്ഞില്ല. അപ്പു സ്വയം പറഞ്ഞു. അവൻ കുറേ നേരം കളിച്ചു. ആവൂ വിയർത്തു എത്ര ഓടി? അപ്പു പറഞ്ഞു. എടാ അപ്പുവേ നമുക്ക് കളി നിർത്തിയാലോ അവന്റെ ഒരു കൂട്ടുകാരൻ വിളിച്ചുചോദിച്ചു. ആടാ നിർത്താം. അവർ കൈകൊടുത്തു പിരിഞ്ഞു. അവൻ പോകുന്ന വഴിക്ക് അവൻ രണ്ട കാഴ്ചകൾ അവനെ വിസ്മയപ്പെടുത്തി. എന്റെ ദൈവമേ ഇതെന്താ ഈ കാണുന്നേ? അപ്പു ആകാംക്ഷയോടെ പറഞ്ഞു. അവൻ അവിടത്തെ ഓലകൊണ്ടുണ്ടാക്കിയ വീട്ടിലെ ആളുകൾ സംന്തോഷം കൊണ്ട് തൂള്ളിച്ചാടുന്നത് കണ്ടു എന്താ നിങ്ങള് ചാടുന്നേ? അപ്പു ചോദിച്ചു. മകനേ ഞങ്ങൾക്ക് കുടിക്കാനും കുളിക്കാനും വെള്ളം കിട്ടിയിട്ട് കുറേ നാളായി. ഇപ്പോൾ മഴ ഞങ്ങളെ കാത്തു. അവർ പറഞ്ഞു. അവൻ അത് കേട്ട് അവിടെ നിന്ന് പോയി. പോകുന്ന വഴിക്ക് അവൻ കുറേ കിളികൾ  വെള്ളം കുടിക്കുന്നത് അവൻ കണ്ടു. അവിടത്തെ മരങ്ങളിൽ നിന്ന് വന്ന കാറ്റും, വെള്ളത്തുള്ളിയും അവനെ കുളിരുകൊള്ളിച്ചു. മരങ്ങളും ചെടികളും അവനെ നോക്കി ചിരിക്കുന്നതായി അവന് തോന്നി. തെങ്ങുകൾ തേങ്ങകലെ താലോലിച്ചു എറിയുന്നതു പോലെ അവന് തോന്നി. അവൻ തുള്ളിച്ചാടി വീട്ടിലേക്ക് പോയി. അമ്മേ അമ്മേ എന്ന് അവൻ ഉറക്കെ വിളിച്ചു. യെന്തേ മോനെ അമ്മ ചോദിച്ചു. അമ്മ പറഞ്ഞത് ശരിയാ മഴ ഒരു വിസ്മയമാ അവൻ പറഞ്ഞു. യെന്തേ ഇപ്പോൾ ഇങ്ങനെ പറയാൻ അമ്മ ചോദിച്ചു. അവൻ നടന്ന കാര്യങ്ങൾ വിവരിച്ചു പറഞ്ഞു. മോനെ അന്ന് ഞാൻ നിന്റെ പ്രായത്തിലായിരുന്നപ്പോൾ എനിക്ക് മഴയെ ഇഷ്ടമായിരുന്നു. അമ്മ പറഞ്ഞു. അമ്മേ അന്നും ഇന്നും എല്ലാവർക്കും മഴയെ ഇഷ്ടമായിരുന്നോ? അപ്പു ചോദിച്ചു. അതെ മോനെ മഴയെ ഇഷ്ടമില്ലാത്ത ആരാ ഉള്ളത്. അമ്മ പറഞ്ഞു. അപ്പോൾ മഴയെ എനിക്കും ഇഷ്ടമാ. അപ്പു സന്തോഷത്തോടെ പറഞ്ഞു. അത് നന്നായി അമ്മ പറഞ്ഞു. അമ്മേ എനിക്ക് മഴയത്ത് കളിക്കണം അപ്പു പറഞ്ഞു. അമ്മ അതിന് ചിരിച്ച്കൊണ്ട് മറുപടി പറഞ്ഞു.ശരി കളിച്ചോളൂ. പക്ഷേ മഴയില്ലല്ലോ. അവൻ മഴ വരാൻ കാത്തിരുന്നു. എന്നാൽ മഴ പെയ്തില്ല. അവൻ രാത്രി ഉറങ്ങാൻ കിടന്നപ്പോൾ പ്രാർത്ഥിച്ചു. നാളെ മഴപെയ്യണേ ഈശ്വരാ. പിറ്റേന്ന് അവനെ അമ്മ ഉണർത്തി മഴ പെയ്യുന്നുണ്ടെന്ന് പറഞ്ഞു. അവൻ ചാടിയെണീറ്റ് മുറ്റത്തേക്കിറങ്ങി

ചാടിക്കളിച്ചു. അവൻ മുഖം ആകാശത്തേക്ക് കാണിച്ചു. അവന് അപ്പോൾ എന്തെന്നില്ലാത്ത സുഖം തോന്നി. അവൻ അമ്മയെ വലിച്ച് മുറ്റത്തേക്കിറക്കി. എന്നിട്ട് അമ്മയെ കെട്ടിപ്പിടിച്ച് പറഞ്ഞു. അമ്മേ മഴ ആകാശത്തുനിന്നുള്ള പൊൻതുള്ളികളാണ്. അവൻ പിന്നേയും മഴപെയ്യുമെന്ന് പ്രതീക്ഷിച്ച് അമ്മയുടെ കൈപിടിച്ച് വീട്ടിലേക്ക് കയറി.

- അനൽ ഘോഷ് 7G

# रात का परछाई

दुनिया में सबको एक भय भीति हुआ बात है रात का परछाई। छोटे बच्चे अपनी बाल्य काल में रात का परछाई को बहुत डरता था।

एक दिन निम्मी और नीतू बहुत दूर चला था। उस समय वे एक परछाई देखा। वे दोनों उस परछाई देखकर डर गई और सोचा कि वह परछाई, उनको दादी बाल्यकाल में कहना भूत है। वे दूसरे दिवस उसके घर में टीवी देखते समय बिजली चली गई और कुत्ता की परेशानी आवाज़ भी भूत आने का निशान था। वह इस बात सिनेमा में देखा था वह बहूत डर गया था। वह एक सफेद सारी सफेद लंबे दाँत और खून की दागे तरह एक भूत निम्मी और नीतू के पीछे खड़े थे। वे दोनों पीछे मूड़ी, और बूत को देखा। वे दोनों का पैर घंटी की तरह काँप रहा थे। लेकिन वह भूत एक अच्छे और सच्चे भूत था वह भूत मरने के पहले सारा अच्छी बात करते थे। वह भूत निम्मी और नीतू से कहा कि वह भूत वे दोनों को कुछ नहीं करूंगा और कहा कि वे दोनों को डरने की अवश्य नहीं।

निम्मी, नीतू और वह भूत एक अच्छे संगति स्थापित है । वह भूत वे दोनों की मदद की आवश्यक में उसके घर में आया था हमारे क्या मदद आपको आवश्यक है भूत? वे दोनों वह भूत से कहा कि उसके मृत्यु की कारण व्यक्ति ने मेरा प्रतिकार उसको देना है। निम्मी और नीतू वह भूत को मदद किया। वह भूत की मित्रता निम्मी और नीतू की जीवन में हमेशा है।

इस कहानी में पहले निम्मी और नीतू परछाई को डरते हैं। लेकिन वह परछाई 'भूत' की तरह आना और वह दोनों के जीवन में प्रकाश देती है। हमारे जीवन में अनेक हालत है। वह अनेक हालत छोड़ने में कुछ भी व्यक्ति जरूर आना और हमारा जीवन में प्रकाश देता की जरूर भी आना।

# मैं डर लगता हूँ

मेरी बचपन से कई चीजों देखने में मुझे डर लगता है। रात में घर में चलने से भी डर लगता है। मेरी इस डर के कारण परछाई है। एक दिन मैं स्कूल से लौटते समय, बस को इंतज़ार कर रहा था। उस समय एक व्यक्ती मेरे पास आया। उस व्यक्ति का रंग काला है। मेरी विचार में उस व्यक्ति मुझे आक्रमण करने के लिए पास आ रहा था। मैं पांचवें कक्षा में पढ़ने के समय मुझको एक दोस्त था। उसका नाम सीता था। हम दोनों  साथ - साथ स्कूल जाते और लौटते थे। स्कूल की अवधि के दिनों हम दोनों साथ-साथ खेलते थे। हम स्कूल में साथ साथ पढ़ते और खाते थे।

एक दिन मेरी अश्रधाओं के कारण वह गिर गई। उसके शरीर में  चोट आई और उसके बात वे पट्टी बाँदी । उसके बाद वे मुझसे नहीं बातचीत करना आई। हम दोनों की दोस्ती का अंतिम आई । मेरी विचारों में उस काला रंग व्यक्ति सीता था। वह मुझे उपद्रव करने के लिए आया था। मेरे मन में बहुत डर आई । मैं जाना कि वह एक परछाई था। लेकिन मेरी मन का डर नहीं गया । उसके बाद मुझे कई चीज़ों को डरता था। स्कूल टीचर की गांदी - नज़रों से मैं डरता था। पड़ोस की चाची की नापक इरादों में डरता था। स्कूल के बच्चों की बेवकूफ बातों से मैं डरता था । पानी की बूंदों में तेजाब सी लगता था। सूरज की रोशनी को भी मैं डरता था। इस डर के कारण मैं सीता के सामने चला और मेरी प्रश्न उससे बाद किया। मैं जाना की मेरी पास आती सीता नहीं, मेरी डर के कारण विचार हि था। परछाई के कारण में सीता से बातचीत करने का अवसर मिली। उस समय से हम दोनों फिर भी दोस्त बनी।


നന്ദി
എഴുത്തുകാർ
വിദ്യാർത്ഥികൾ
അധ്യാപകർ
രക്ഷിതാകൾ
പി. ടി. എ
മാനേജ്മെന്റ് & സ്റ്റാഫ്